# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തളിപ്പറമ്പ മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കണ്ണൂർ**

**670001**

**ഇ-മെയിൽ: doknr.ksad@kerala.gov.in**

**ഫോൺ : 0497-2707698**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ/ കെഎൻആർ /സി 15/117/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 06/03/2024
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
തളിപ്പറമ്പ മുനിസിപ്പാലിറ്റി

സർ,

**വിഷയം : തളിപ്പറമ്പ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തളിപ്പറമ്പ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(എയിംസ്)
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ (ഇ-മെയിൽ)
കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ/ കെഎൻആർ /സി 15/117/2024 തീയ്യതി: 06/03/2024

## കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 03-01-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 56 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സുനിൽ പി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-01-2024 | 24-01-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-01-2024 | 24-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ ലീലാ കൃഷ്ണൻ എൻ.എം, ഓഡിറ്റ് ഓഫീസർ

ശ്രീ ഗണേശൻ കേളോത്ത്, അസിസ്റ്റൻ്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ധന്യ എം, ഓഡിറ്റർ

ശ്രീ നിഖിൽ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മുർഷിദ.ബി | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.ശ്രീരാഗ്.എം.എസ് | സെക്രട്ടറി | 01-04-2022 | 01-09-2022 |
| ശ്രീ.സുബൈർ.കെ.പി | സെക്രട്ടറി | 02-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജോർജ്ജ് തോമസ് ചിറയിൽ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2022 | 05-09-2022 |
| ശ്രീ സുനിൽ കുമാർ പി | മുനിസിപ്പൽ എഞ്ചിനീയർ (അഡിഷണൽ ചാർജ്ജ്) | 06-09-2022 | 29-12-2022 |
| ശ്രീ വിമൽകുമാർ വി | മുനിസിപ്പൽ എഞ്ചിനീയർ | 30-12-2022 | 31-03-2023 |
| ശ്രീമതി സ്വപ്ന | കൃഷി ഓഫീസർ | 01-04-2022 | 30-11-2022 |
| ശ്രീമതി രഗിഷ രാംദാസ് | കൃഷി ഓഫീസർ | 01-12-2022 | 06-02-2023 |
| ശ്രീ രാഹുൽ ടി ആർ | കൃഷി ഓഫീസർ | 07-02-2023 | 31-03-2023 |
| ഡോ. രേഖ കെ ടി | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ ,തളിപ്പറമ്പ | 01-04-2022 | 31-03-2023 |
| ഡോ. അനുപമ കെ വി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-05-2022 |
| ഡോ. റീജ പി വി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-06-2022 | 11-08-2022 |
| ഡോ. ജഷി ദിനകരൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 12-08-2022 | 24-08-2022 |
| ഡോ. റീജ പി വി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 25-08-2022 | 19-12-2022 |
| ഡോ. സിനി പി എം | മെഡിക്കൽ ഓഫീസർ, ആയുർവേദം | 20-12-2022 | 31-03-2023 |
| ഡോ. മുരളീധരൻ സി വി | വെറ്റിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ശ്രീ സൂരജ് എം വി | പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ(മെമ്പർ സെക്രട്ടറി) | 01-04-2022 | 16-02-2023 |
| ശ്രീ കൃഷ്ണൻ എൻ എസ് | പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ(മെമ്പർ സെക്രട്ടറി) | 17-02-2023 | 31-03-2023 |
| ശ്രീ അബ്ദുൾ സത്താർ എം | ഹെൽത്ത് ഓഫീസർ | 01-04-2022 | 13-02-2023 |
| ശ്രീ പ്രകാശൻ എ കെ | ഹെൽത്ത് ഓഫീസർ | 14-02-2023 | 31-03-2023 |
| ശ്രീമതി പങ്കജാക്ഷി കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 19-02-2023 |
| ശ്രീമതി ശ്യാമള സി വി | ഐ സി ഡി എസ് സൂപ്പർവൈസർ | 20-02-2023 | 31-03-2023 |
| ശ്രീ തോമസ് ഐസക് | ഹെഡ് മാസ്റ്റർ | 01-04-2022 | 31-05-2022 |
| ശ്രീമതി ഇന്ദുമതി പി ഒ | ഹെഡ് മാസ്റ്റർ | 01-06-2022 | 07-06-2022 |
| ശ്രീ ഗോവിന്ദൻ പി | ഹെഡ് മാസ്റ്റർ | 08-06-2022 | 31-03-2023 |
| ശ്രീ ടി ആർ രാജേഷ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-01-2023 |

| | | | |
|---|---|---|---|
| ശ്രീ പ്രബാഷ് ലാൽ പി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-02-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ പത്രികയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 3 | അക്കൗണ്ട്സ് ചട്ടങ്ങൾ പാലിച്ചിട്ടില്ല | 1-1-2 |
| 4 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | നോട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല | 1-1-4 |
| 6 | കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല | 1-1-5 |
| 7 | രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-1-6 |
| 8 | സാക്ഷ്യപ്പെടുത്തിയ രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-7 |
| 9 | Stale Cheque കളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-1-8 |
| 10 | വസ്തു നികുതി കുടിശ്ശികയ്ക്ക് ആനുപാതികമായി ലൈബ്രറി സെസ്സ് ഉൾപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ ഗ്രാന്റ് തുകയും സുലേഖ ചെലവ് പത്രിക പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | സി എഫ് സി ഗ്രാന്റ് വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള മുന്നിരിപ്പ് തുകയും രജിസ്റ്റർ പ്രകാരമുള്ള മുന്നിരിപ്പ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | 2021-22 വർഷം വികസന ഫണ്ട് എസ് സി പി വിഹിതത്തിൽ നിന്നും ഈടാക്കിയ 40,000/- രൂപ 2022-23 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-12 |
| 14 | സ്ഥിരനിക്ഷേപങ്ങളിലെ വിശദാംശങ്ങൾ രജിസ്റ്ററുമായും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-13 |
| 15 | ഗ്രാന്റ് ഫോർ പ്രൊജക്ട്സ് തുക രജിസ്റ്ററും വാർഷിക ധനകാര്യപത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 18 | ഫണ്ട് വിനിയോഗം | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമപദ്ധതികൾ | 1-7 |
| 22 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 23 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 24 | വാർഡ് സഭ | 1-10 |
| 25 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ വിവരം ലഭ്യമല്ല. | 1-11 |
| 26 | തൊഴിൽ നികുതി-വിവിധ അപാകങ്ങൾ. | 1-12 |
| 27 | സഞ്ചയ ലൈസൻസ് സോഫ്റ്റ്‌വെയർ-ലൈസൻസ് ഫീ കളക്ഷൻ പോസ്റ്റ് ചെയ്തിട്ടില്ല. | 1-13 |
| 28 | വാടക-അപാകങ്ങൾ | 1-14 |
| 29 | ബസ്സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സിലെ കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുത്ത വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല. | 1-15 |
| 30 | തനത് വരുമാനം-പൊതു അവലോകനം | 1-16 |
| 31 | ഐ എഫ് ടി ഇ & ഒ എസ് ലൈസൻസ്-അപാകങ്ങൾ. | 1-17 |
| 32 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ-അപാകങ്ങൾ. | 1-18 |
| 33 | ബിൽഡിങ് പെർമിറ്റ് സംബന്ധിച്ച അപാകങ്ങൾ. | 1-19 |
| 34 | വസ്തു നികുതി അപാകങ്ങൾ | 1-20 |

| | | |
|---|---|---|
| 35 | ലൈസൻസ് അനുവദിക്കുമ്പോൾ ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കിയിട്ടില്ല. | 1-21 |
| 36 | കാലിത്തീറ്റ വിതരണം-സബ്സിഡി നിരക്കിൽ അധികം നൽകിയ 2500 രൂപ നിരാകരിക്കുന്നു | 1-22 |
| 37 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-കാലിത്തീറ്റ വിതരണത്തിന് അധികമായി നൽകിയ തുക ക്രമീകരിക്കേണ്ടതാണ്. | 1-23 |
| 38 | നഗരസഭ സെക്രട്ടറി -ശമ്പളവും, അലവൻസുകളും, പെൻഷൻ അംശദാനവും - കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കുന്നില്ല. | 1-24 |
| 39 | വയോമിത്രം വിഹിതം നൽകൽ–വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ₹1305600 തടസ്സപ്പെടുത്തുന്നു. | 1-25 |
| 40 | വിവിധ വാർഡുകളിൽ കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കൽ–വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹4895800തടസപ്പെടുത്തുന്നു. | 1-26 |
| 41 | കുഞ്ഞരയാൽ–കാക്കാഞ്ചാൽ റോഡ് വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ–വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക ₹1123000 തടസപ്പെടുത്തുന്നു. | 1-27 |
| 42 | എസ് എസ് കെ വിഹിതം അടവാക്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹2000000 തടസ്സപ്പെടുത്തുന്നു. | 1-28 |
| 43 | വൈര്യാം കോട്ടം മുക്കോല അംഗൻവാടി വാട്ടർ കണക്ഷൻ നൽകൽ–വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക ₹12420 തടസപ്പെടുത്തുന്നു. | 1-29 |
| 44 | ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ വിവിധ പ്രോജക്ടുകൾ - അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല-ചെലവ് തുക ₹519214 തടസ്സപ്പെടുത്തുന്നു. | 1-30 |
| 45 | സെക്രട്ടറിയുടെ സാലറി ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതും മറ്റ് അപാകങ്ങളും-ക്വാർട്ടേഴ്സ് വാടക ഇനത്തിൽ അനുവദിച്ച ₹50000 തടസ്സപ്പെടുത്തുന്നു | 1-31 |
| 46 | മഴക്കാല പൂർവ ശുചീകരണം- വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല. ചെലവ് തുക 2,00,000 രൂപ തടസപ്പെടുത്തുന്നു. | 1-32 |
| 47 | ഷീ ലോഡ്ജ് ആവശ്യമായ ഫർണ്ണിച്ചർ സൌകര്യം ഒരുക്കൽ–ഫർണ്ണിച്ചർ ഉപയോഗിക്കാതെ കിടക്കുന്നു-₹677556 ചെലവ് തടസപ്പെടുത്തുന്നു. | 1-33 |
| 48 | കോക്ലിയാർ ഇംപ്ലാന്റേഷൻ ഉപകരണ മെയിന്റനൻസിന് സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം കൈമാറൽ– വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ₹3,00,000 തടസ്സപ്പെടുത്തുന്നു | 1-34 |
| 49 | അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് മരുന്ന് ഉപകരണങ്ങൾ നൽകൽ– രേഖകൾ ലഭ്യമാക്കിയില്ല- ₹248101 തടസ്സപ്പെടുത്തുന്നു. | 1-35 |
| 50 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ആർജിത അവധി വേതനം അനുവദിച്ചതിലെ അപാകങ്ങൾ. 12018 രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 1-36 |
| 51 | മരുന്ന് ലഭ്യമായില്ല- 399888 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-37 |
| 52 | സ്മാർട്ട് ഐ-ഫേസ് 1-വിനിയോഗവിവരം ലഭ്യമാക്കിയില്ല- ₹50000 തടസ്സപ്പെടുത്തുന്നു | 1-38 |
| 53 | പാളയാട് ട്രീറ്റ്മെന്റ് പ്ലാന്റിലേക്ക് കെമിക്കൽ വാങ്ങൽ പ്രോജക്ട്- സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ് | 1-39 |
| 54 | റിംഗ് കമ്പോസ്റ്റ് വാങ്ങൽ - ജി എസ് ടി -ടി ഡി എസ് കുറവ് ചെയ്തിട്ടില്ല | 1-40 |
| 55 | തളിപ്പറമ്പ് താലൂക്ക് ആശുപത്രിയിലെ ബയോമെഡിക്കൽ മാലിന്യസംസ്കരണം - ടെണ്ടർ നടപടിക്രമം പാലിച്ചില്ല- 57297 രൂപ തടസ്സപ്പെടുത്തുന്നു. | 1-41 |
| 56 | പേപ്പർബാഗ് നിർമ്മാണയൂണിറ്റ് പ്രവർത്തനമാരംഭിച്ചിട്ടില്ല- ചെലവ് തുകയായ ₹3,00,000 നിരാകരിക്കുന്നു | 1-42 |
| 57 | മുറ്റത്തൊരു മീൻതോട്ടംപ്രോജക്ട് - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-43 |
| 58 | ഗവ.താലൂക്ക് ഹെഡ് ക്വാർട്ടേർസ് ആശുപത്രി തളിപ്പറമ്പ -ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവു ചെലവ് കണക്കുകൾ ഹാജരാക്കേണ്ടതാണ്. | 1-44 |
| 59 | പി എം എ വൈ- പദ്ധതി അവലോകനം | 1-45 |

| | | |
|---|---|---|
| 60 | ഭവനനിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല | 1-45-1 |
| 61 | വീടുകളിൽ കോവൽ തൈ നൽകൽ–അന്തിമ ഗുണഭോക്താക്കളുടെ കൈപ്പറ്റ് വിവരം ലഭ്യമാക്കാത്തതിനാൽ ചെലവ് ₹240000 തടസപ്പെടുത്തുന്നു | 1-46 |
| 62 | പച്ചക്കറി വികസനപദ്ധതി-ഗുണഭോക്താക്കളുടെ കൈപ്പറ്റ് വിവരം ലഭ്യമാക്കാത്തതിനാൽ ചെലവ് ₹118000 തടസപ്പെടുത്തുന്നു | 1-47 |
| 63 | മുൻകൂർ ക്രമീകരിക്കാത്തവരിൽ നിന്നും സർക്കാർ ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്. | 1-48 |
| 64 | തനത് ഫണ്ട് -ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല- ₹464937 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-49 |
| 65 | മൺചട്ടികളും പച്ചക്കറി തൈകളും ലഭ്യമായ അന്തിമ ഗുണഭോക്താക്കളുടെ കൈപ്പറ്റ് വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹2720000 തടസ്സപ്പെടുത്തുന്നു. | 1-50 |
| 66 | പെൻഷൻ ഫണ്ടിന്റെ രൂപീകരണവും പരിപാലനവും | 1-51 |
| 67 | മുനിസിപ്പാലിറ്റി ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് പാനൽ മാറ്റി സ്ഥാപിക്കൽ–സ്ക്രാപ്പ് വിൽപ്പന നടത്താത്തത് | 1-52 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ആർജിത അവധി വേതനം അനുവദിച്ചതിലെ അപാകങ്ങൾ. 12018 രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-1 |
| 2 | കാലിത്തീറ്റ വിതരണം-സബ്സിഡി നിരക്കിൽ അധികം നൽകിയ 2500 രൂപ തിരിച്ചുപിടിക്കേണ്ടതാണ്. | 3-2 |
| 3 | പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് പ്രവർത്തനമാരംഭിച്ചിട്ടില്ല- ചെലവ് തുകയായ ₹3,00,000 നിരാകരിക്കുന്നു | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ , ഇൻവെസ്റ്റ്മെന്റുകൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

തളിപ്പറമ്പ നഗരസഭയുടെ 2023 മാർച്ച് 31ന് അവസാനിച്ച വർഷത്തെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 21.7.2023 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 31.07.23 തിയ്യതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട് ചട്ടങ്ങൾ) , കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1 & 11.3, എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭാ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) സി & എ ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി, ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തളിപ്പറമ്പ നഗരസഭയുടെ 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

കണ്ണൂർ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.
06-03-2024.

## 1-1-1 ക്യാഷ് ഫ്ലോ പത്രികയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

## 1-1-2 അക്കൗണ്ട്സ് ചട്ടങ്ങൾ പാലിച്ചിട്ടില്ല

I) 2007ലെ മുനിസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 58.4 പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ തുകകൾ പൂർണ്ണ രൂപയിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ അപ്രകാരം പൂർണ്ണ രൂപയിൽ രേഖപ്പെടുത്തിയിട്ടില്ല.
Ii) 2007ലെ മുനിസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 58.3 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ വാർഷിക കണക്കിൽ മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-3 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.

2007ലെ മുനിസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 58.2(f) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-4 നോട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല

2007ലെ മുനിസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 58.2 പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-5 കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

### 1-1-6 രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

I)ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ B-7 ഷെഡ്യൂൾ പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

Ii) നഗരസഭയ്ക്ക് സർക്കാരിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച ഗ്രാന്റുകളുടെ (ആർ പി -24, ബി -4 ഷെഡ്യൂളുകൾ) വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

Iii) ബാലൻസ് ഷീറ്റ് ബി 15 ഷെഡ്യൂൾ പ്രകാരം നികുതി നികുതിയേതര ഇനങ്ങളിൽ കുടിശ്ശിക രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

IV)ടെണ്ടർ ഫോമുകളുടെ സ്റ്റോക്ക്-വിതരണ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

### 1-1-7 സാക്ഷ്യപ്പെടുത്തിയ രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീ, വസ്തു നികുതി, പെർമിറ്റ് ഫീ, വാടക ഉൾപ്പെടെ എല്ലാ നികുതി-നികുതിയേതര വരവിനങ്ങളുടെയും സാക്ഷ്യപ്പെടുത്തിയ ഡി സി ബി പത്രിക പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈയിനങ്ങളിൽ വാർഷിക കണക്കിൽ ചേർത്ത ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-8 Stale Cheque കളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ബി 9 ഷെഡ്യൂളിൽ Stale Cheque ഇനത്തിലുള്ള ബാധ്യതയായി ഉൾപ്പെടുത്തിയ 699893 രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

### 1-1-9 വസ്തു നികുതി കുടിശ്ശികയ്ക്ക് ആനുപാതികമായി ലൈബ്രറി സെസ്സ് ഉൾപ്പെടുത്തിയിട്ടില്ല.

ബി-15 ഷെഡ്യൂളിൽ വസ്തു നികുതിക്ക് ആനുപാതികമായ (5%) ലൈബ്രറി സെസ്സ് ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-10 വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ ഗ്രാന്റ് തുകയും സുലേഖ ചെലവു പത്രിക പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

വികസന ഫണ്ട് -പൊതുവിഭാഗം സാധാരണ വിഹിതം, വികസന ഫണ്ട് -എസ് സി പി,ധനകാര്യകമ്മീഷൻ അവാർഡ്, മെയിന്റൻസ് ഗ്രാന്റ് റോഡ് മെയിന്റൻസ് ഗ്രാന്റ് റോഡിതരം എന്നിവയിലെ ചെലവ് തുക വാർഷിക ധനകാര്യ പത്രികയിലെ I-6 ലെ തുകയുമായും സുലേഖ ചെലവ് സ്റ്റേറ്റ് മെന്റിലെ തുകയുമായും പൊരുത്തപ്പെടുന്നില്ല.

| ഇനം | സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് | വാർഷിക ധനകാര്യ പത്രികI-6 |
|---|---|---|
| വികസന ഫണ്ട് -പൊതുവിഭാഗം സാധാരണ വിഹിതം | 35747795 | 33665159 |

| | | |
|---|---|---|
| വികസന ഫണ്ട് -എസ് സി പി | 2709557 | 2019332 |
| മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 13399684 | 10839578 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 11760579 | 11837391 |

**1-1-11 സി എഫ് സി ഗ്രാന്റ് വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള മുന്നിരിപ്പ് തുകയും രജിസ്റ്റർ പ്രകാരമുള്ള മുന്നിരിപ്പ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.**

സി എഫ് സി ഗ്രാന്റ് ടൈഡ് മുന്നിരിപ്പ് വിവരങ്ങൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

**1-1-12 2021-22 വർഷം വികസന ഫണ്ട് എസ് സി പി വിഹിതത്തിൽ നിന്നും ഈടാക്കിയ 40,000/- രൂപ 2022-23 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.**

2021-22 വാർഷിക ധനകാര്യ പത്രികയിൽ വികസന ഫണ്ട് എസ് സി പി വിഹിതത്തിൽ നിന്നും ഈടാക്കിയ 40,000/-രൂപ ഉൾപ്പെടുത്തിയിട്ടില്ല. (2021-22 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 4-5 കാണുക). പ്രസ്തുത തുക 2022-23 വാർഷിക ധനകാര്യപത്രികയിലെ നീക്കിയിരിപ്പിൽ പ്രതിഫലിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (B-5 -2021-22) | തൻവർഷം തിരിച്ചടച്ച തുക സുലേഖ ചെലവ് സ്റ്റേറ്റ് മെന്റ് പ്രകാരം) | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 -2022-23) |
|---|---|---|
| 17,920,000* | 1493334 | 16426666 |

* വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുകയായി വരേണ്ടത്. 1,78,80,000/- രൂപയാണ്.

2021-22 വർഷത്തിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത 40,000/- രൂപ കുറവ് വരുത്താത്തത് കാരണം മുന്നിരിപ്പിലും നീക്കിയിരിപ്പിലും 40,000/- രൂപയുടെ വ്യത്യാസമുണ്ട്.

**1-1-13 സ്ഥിരനിക്ഷേപങ്ങളിലെ വിശദാംശങ്ങൾ രജിസ്റ്ററുമായും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.**

സ്ഥിരനിക്ഷേത്തിലെ വർഷാരംഭത്തിലെ വിവരവും തൻവർഷം നിക്ഷേപിച്ച തുകയും തന്നാണ്ടിൽ പിൻവലിച്ച തുകയും വർഷാവസാനം അവശേഷിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (B-12 -2021- 22) | തൻവർഷം നിക്ഷേപിച്ച തുക | ആകെ | തന്നാണ്ടിൽ പിൻവലിച്ച തുക | വർഷാവസാനം അവശേഷിക്കുന്ന തുക (B-12 -2022-23) |
|---|---|---|---|---|
| 12,61,75,788 | 8705998 | 134881786 | 28459251 | 109030561 |

2608026 രൂപയുടെ വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

**1-1-14 ഗ്രാന്റ് ഫോർ പ്രൊജക്ട്സ് തുക രജിസ്റ്ററും വാർഷിക ധനകാര്യപത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.**

ഗ്രാന്റ് ഫോർ പ്രൊജക്ട്സ് മുന്നിരിപ്പ് വരവ് ചെലവ് നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

| ഇനം | B-4 (2021-22) | RP-24 (2022-23) | ആകെ | ചെലവ് | B-4 (2022-23) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ് ഫോർ പ്രൊജക്ട്സ് | 1245447 | 9671655 | 10917102 | 9121484 | 60997330 |

## 1-2 ബജറ്റ്

നഗരസഭയുടെ 2022-23 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് 26-03-2022തീയതിയിൽ രാവിലെ ചേർന്ന സാധാരണ യോഗത്തിൽ അവതരിപ്പിക്കുകയും 1/1 നമ്പർ തീരുമാന പ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി.ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 16/03/2023 തീയതിയിലെ യോഗത്തിലെ 1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശ നൽകുകയും ഭരണസമിതിയുടെ 29-03-2023തീയതിയിലെ അടിയന്തിര യോഗത്തിലെ 1/1 നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 0 | 292534949 |
| വരവ് | 764413532 (മുന്നിരിപ്പ് ഉൾപ്പെടെ) | 468193809 |
| ആകെ | 764413532 | 760728758 |
| ചെലവ് | 629370500 | 499773460 |
| നീക്കിയിരിപ്പ് | 135043032 | 260955298 |

ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള വരവ്, നീക്കിയിരിപ്പ് തുകകളിലെ വലിയ അന്തരത്തിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹ 42695309 |
| വരവ് | ₹ 328792046 |
| ആകെ | ₹ 371487355 |
| ചെലവ് | ₹ 314740893 |
| നീക്കിയിരിപ്പ് | ₹ 56746462 |
| വരവിനങ്ങളിലെ നഷ്ടം | തിട്ടപ്പെടുത്തിയിട്ടില്ല |
| ചെലവിനങ്ങളിലെ നഷ്ടം | ₹ 314518 |
| തടസ്സപ്പെടുത്തിയ തുക | ₹ 15381813 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്, ജനറൽ | 0 | 45428874 | 45428874 | 35747795 | 9681079 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി | 0 | 3389525 | 3389525 | 2709557 | 679968 |
| മെയിന്റനൻസ്ഗ്രാന്റ്, റോഡ് | 0 | 15868000 | 15868000 | 11760579 | 4107421 |
| മെയിന്റനൻസ് ഗ്രാന്റ് , നോൺ-റോഡ് | 0 | 16165000 | 16165000 | 13399684 | 2765316 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫണ്ട്-ബേങ്ക് | 15691041 | 8649000 | 24340041 | 11490917 | 12849124 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫണ്ട്-ട്രഷറി | 0 | 17296272 | 17296272 | 7788854 | 9507418 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ബേസിക്ക് ബേങ്ക് | 11281087 | 6504528 | 17785615 | 15847371 | 1938244 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ബേസിക്ക് -ട്രഷറി | 0 | 3262252 | 3262252 | 1387881 | 1874371 |
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1690079 | 43842 | 1733921 | 221537 | 1512384 |
| കേന്ദ്രസർക്കാരിൽ നിന്നുള്ള പ്രത്യേകോ ദ്ദേശ്യ ഗ്രാന്റുകൾ | 10330859 | 6351177 | 16682036 | 4545817 | 12136219 |
| ഗ്രാന്റ്ഫോർപ്രോജക്ട്സ് | 1245447 | 68873367 | 70118814 | 9121484 | 60997330 |
| മറ്റ് പ്രത്യേകോദ്ദേശ്യ ഗ്രാന്റുകളുംവിഹിതങ്ങളും | 31832 | 1322 | 33154 | 0 | 33154 |
| ഹെൽത്ത് ഗ്രാന്റ് | 0 | 13504918 | 13504918 | 0 | 13504918 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 384 | 293497996 | 224 | 143848680 | 30 | 160 | 194 | 50.52 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 4 | 2372300 | 1271040 | 53.58 |
| വെറ്ററിനറി സർജൻ | 8 | 7 | 2781000 | 2107641 | 75.79 |
| സൂപ്രണ്ട് താലൂക്ക് ഹോസ്പിറ്റൽ | 9 | 9 | 6225307 | 6038061 | 96.99 |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | 2 | 1 | 2435050 | 2000000 | 82.13 |
| ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) | 8 | 5 | 9484140 | 8231528 | 86.79 |
| ഐ സിഡിഎസ് സൂപ്പർവൈസർ | 9 | 8 | 10451826 | 8295152 | 79.37 |

| | | | | | |
|---|---|---|---|---|---|
| പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 14 | 6 | 17228596 | 14375100 | 83.44 |
| സെക്രട്ടറി | 39 | 22 | 30234596 | 13212969 | 43.7 |
| മുനിസിപ്പൽ എഞ്ചിനീയർ | 281 | 155 | 208373181 | 84934579 | 40.76 |
| ഹെഡ് മാസ്റ്റർ | 8 | 6 | 3872000 | 3366610 | 86.95 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 40000 | 16000 | 40 |
| ആകെ | 384 | 224 | 293497996 | 143848680 | 49.01 |

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 1690079 | 43842 | 1733921 | 221537 | 1512384 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 257 | 2758200 |
| വിധവാപെൻഷൻ | 1518 | 16768200 |
| വാർദ്ധക്യകാലപെൻഷൻ | 2843 | 29735800 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 444 | 4819600 |
| 50വയസ്സിനുമുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 131 | 1397400 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.01.2024 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1,16,581 ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

സ്റ്റാഫ് മീറ്റിംഗുകൾ ചേർന്ന് പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. ഓഫീസ് ഉത്തരവുകൾ വഴി ചുമതലാ ക്രമീകരണങ്ങൾ നടത്തുന്നുണ്ട്. റവന്യൂ വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്നത് അപാകമാണ്(തൊഴിൽ നികുതി ഒഴികെ) വസ്തു നികുതിയുമായി ബന്ധപ്പെട്ട കൃത്യമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. 31.03.23ലെ വസ്തു നികുതി ഡി സി ബി പത്രിക സഞ്ചയ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനിൽ നിന്നും പ്രിന്റെടുത്ത് സൂക്ഷിച്ചിട്ടില്ല. വിവിധ ആവശ്യങ്ങൾക്കായി നിരവധി ബാങ്ക് അക്കൗണ്ടുകൾ നഗരസഭയുടെ പേരിലുണ്ട്. രജിസ്റ്റർ ഓഫ് ബാങ്ക് അക്കൗണ്ട്സ് സൂക്ഷിച്ചിട്ടില്ലാത്ത തിനാൽ എല്ലാ അക്കൗണ്ടുകൾ പ്രകാരമുള്ള വിവരങ്ങളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന പരിശോധന സാധ്യമായിട്ടില്ല.നഗരസഭാ സെക്രട്ടറിയുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ട്രഷറിയിൽ നിന്ന് മാറിയെടുത്ത ശേഷം പെൻഷൻ അംശദാനം ഉൾപ്പെടെയുള്ള തുക നഗരസഭാ ഫണ്ടിൽ നിന്നും സർക്കാരിലേക്ക് തിരിച്ചട ക്കേണ്ടതായിരുന്നുവെങ്കിലും ഇതു സംബന്ധിച്ച യാതൊരു കണക്കുകളും നഗരസഭയുടെ കൈയ്യിൽ ഇല്ലാത്ത

സാഹചര്യമാണ്. സെക്രട്ടറിയുടെ ശമ്പള ബില്ലുകളും നഗരസഭയിൽ ലഭ്യമല്ല. വാർഷിക ധനകാര്യ പത്രികയിൽ പ്രസ്തുത തുക ബാധ്യതയായി ഉൾപ്പെടുത്താതിരുന്നതും അപാകമാണ്. ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി, എഫ് ടി ഇ& ഒ എസ് ലൈസൻസ് ഫീ, വസ്തു നികുതി, പെർമ്മിറ്റ് ഫീ, വാടക ഉൾപ്പെടെ എല്ലാ നികുതി നികുതി- യേതര വരവിനങ്ങളുടെയും സാക്ഷ്യപ്പെടുത്തിയ ഡി സി ബി പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈയിനങ്ങളിൽ വാർഷിക കണക്കിൽ ചേർത്ത ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ശക്തമാക്കണമെന്ന കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-10 വാർഡ് സഭ

തളിപ്പറമ്പ നഗരസഭയിൽ 34 വാർഡുകളാണുള്ളത്. ഓഡിറ്റ് വർഷത്തിൽ ഓരോ വാർഡിലും 4 തവണ(5/22,8/22,9/22,01/23) വാർഡ് സഭ ചേർന്നിട്ടുണ്ട്. ആദ്യ വാർഡ് സഭയിൽ (5/22) 21-22 വർഷത്തെ പദ്ധതി അവലോകനം, 22-23 വർഷത്തെ പദ്ധതി രൂപീകരണം എന്നിവയായിരുന്നു പ്രധാന അജണ്ട. തുടർന്നുള്ള വാർഡ് സഭകളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, 23-24 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗത്തിലെ നിർദ്ദേശങ്ങൾ ചർച്ചചെയ്യൽ എന്നിവയും നടന്നു.എല്ലാ വാർഡ് സഭകളിലും നല്ല ജന പങ്കാളിത്തമുണ്ടായിരുന്നു.

## 1-11 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ വിവരം ലഭ്യമല്ല.

നഗരസഭയിലെ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ചുവടെ കൊടുത്തിരിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതിയും ഈടാക്കിയ വിവരം ലഭ്യമല്ല.

| ക്രമ നമ്പർ | സ്ഥാപനം | തൊഴിൽനികുതി ഈടാക്കേണ്ടുന്ന കാലയളവ് |
|---|---|---|
| 1 | റമീസ് റസിഡൻസി | ഒന്നും, രണ്ടും അർദ്ധ വർഷം |
| 2 | കെ പി കെ സ്റ്റീൽ | ഒന്നും, രണ്ടും അർദ്ധ വർഷം |
| 3 | ആൻ മോട്ടോർസ് | ഒന്നും, രണ്ടും അർദ്ധ വർഷം |
| 4 | അജാസ് സൂപ്പർമാർക്കറ്റ് | ഒന്നും, രണ്ടും അർദ്ധ വർഷം |
| 5 | ബാർബിക്യു നൈറ്റ് ഹോട്ടൽ | ഒന്നും, രണ്ടും അർദ്ധ വർഷം |
| 6 | എം കെയർ ഫിസിയോതെറാപ്പി സെന്റർ | ഒന്നും, രണ്ടും അർദ്ധ വർഷം |
| 7 | ഫുഡ് ലാൻഡ് | ഒന്നും, രണ്ടും അർദ്ധ വർഷം |
| 8 | എം സി ഹീറോ | ഒന്നും, രണ്ടും അർദ്ധ വർഷം |
| 9 | അപ്പോളോ ക്ലിനിക്ക് | ഒന്നും, രണ്ടും അർദ്ധ വർഷം |
| 10 | മക്താബ് ഓഫ്സെറ്റ് പ്രിന്റേഴ്സ് | ഒന്നും, രണ്ടും അർദ്ധ വർഷം |
| 11 | മലബാർ പ്രോഡക്റ്റ് ഏജൻസി | ഒന്നും, രണ്ടും അർദ്ധ വർഷം |
| 12 | ഡി മാസ് ജ്വല്ലറി | ഒന്നും, രണ്ടും അർദ്ധ വർഷം |
| 13 | തളിപ്പറമ്പ അഗ്രിക്കൾച്ചറൽ വെൽഫെയർ കോ ഓപ്പറേറ്റീവ് സൊസൈറ്റി | ഒന്നും, രണ്ടും അർദ്ധ വർഷം |
| 14 | ജാസ്മിൻ ടെക്സ്റ്റൈൽ | ഒന്നും, രണ്ടും അർദ്ധ വർഷം |

| | | |
|---|---|---|
| 15 | രാജധാനി സൂപ്പർമാർക്കറ്റ് | ഒന്നാം, രണ്ടാം അർദ്ധ വർഷം |
| 16 | പ്രിൻസ് ടെക്സ്റ്റൈൽ | ഒന്നാം, രണ്ടാം അർദ്ധ വർഷം |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട റിട്ടേണുകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/11.01.24) ക്രമ നമ്പർ 1,4,10,11,14 (ഒന്നാം അർദ്ധവർഷം), 16 (ഒന്നും രണ്ടും അർദ്ധവർഷം) തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെന്നും ബാക്കിയുള്ള സ്ഥാപനങ്ങളിലെ തൊഴിൽ നികുതി അടവാക്കാനുള്ള നടപടി സ്വീകരിക്കുമെന്നും അറിയിച്ചു. ക്രമ നമ്പർ 1,4,10,11,14,16 സ്ഥാപനങ്ങളിലെ ജീവനക്കാർ നികുതിയടച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാത്തതിനാൽ മറുപടി തൃപ്തികരമല്ല. മേൽ പരാമർശിച്ച മുഴവൻ സ്ഥാപനങ്ങളിലേയും ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയതാണെങ്കിൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളും തൊഴിൽ നികുതി ഒടുക്കിയതുമായി ബന്ധപ്പെട്ട രേഖകളും ഹാജരാക്കേണ്ടതും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ലെങ്കിൽ ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-12 തൊഴിൽ നികുതി-വിവിധ അപാകങ്ങൾ.

1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ നമ്പർ 245, 247, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം 3(2) എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും നഗരസഭ പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്ററുകൾ,റിട്ടേണുകൾ എന്നിവ പരിശോധിച്ചത് പ്രകാരം കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

**1. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

തൊഴിൽ നികുതി രജിസ്റ്റർ 2022-23 പ്രകാരം താഴെ കൊടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒന്നും രണ്ടും അർദ്ധ വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ലഭ്യമല്ല.

A.IASE കോളേജ് B. പ്രൊവിഡൻസ് അക്കാദമി C.എം ജി കോളേജ് തളിപ്പറമ്പ

**2. തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയ ബാങ്കിങ് സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

താഴെ പറയുന്ന ജീവനക്കാരുടെ 2022-23 ഒന്നും രണ്ടും അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.ഇവരെ തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കിയതിനുള്ള കാരണവും രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപന മേധാവിക്ക് നൽകിയ ഡിമാൻഡ് നോട്ടീസും സ്ഥാപന മേധാവി സമർപ്പിച്ച റിട്ടേണുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| സ്ഥാപനം | ജീവനക്കാരുടെ വിവരം |
|---|---|
| ഇന്ത്യൻ ഓവർസീസ് ബാങ്ക് | ശ്യാമ കെ.വി, മാനേജർ<br>നവ്യ സി., അസിസ്റ്റന്റ് മാനേജർ<br>ഗ്രീഷ്മ ഗംഗാധരൻ, ക്ലർക്ക് |
| കാനറാ ബാങ്ക് | തുഷാര<br>ആൽബിൻ ജേക്കബ്<br>സവിത എം |
| കാത്തലിക് സിറിയൻ ബാങ്ക് | ആൽബിൻ ജോസഫ്<br>വീണ പി.വി |
| പ്രൈമറി അഗ്രികൾചറൽ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് | എ.എ മാത്യു, സെക്രട്ടറി<br>സി.കെ രാജൻ<br>ടി.പി പ്രശോഭ്<br>പി.പി റഷീദ് |
| ഫെഡറൽ ബാങ്ക് | അശ്വിൻ ചന്ദ്രൻ<br>രഞ്ജിത്ത് പി<br>കൃഷ്ണ നായർ |

| | |
|---|---|
| സൗത്ത് ഇന്ത്യൻ ബാങ്ക്, തളിപ്പറമ്പ | ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |

**3. താഴെ പറയുന്ന ലൈസൻസ് എടുത്ത/പുതുക്കിയ ആശുപത്രികളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ വിവരം ലഭ്യമല്ല.**

A.ഫാത്തിഹ് ഡെന്റൽ ക്ലിനിക്ക്

B.ഡോ.വിമൽസ് റൂട്ട് കനാൽ ആൻഡ് പീഡിയാട്രിക് ഡെന്റൽ കെയർ

C.ആദിശക്തി സ്കാനിങ് സെന്റർ

D.മൾട്ടി സ്പെഷ്യലിറ്റി ഡെന്റൽ കെയർ സെന്റർ

E.സിമില ഹോമിയോ കെയർ

F.അന്ന ഹോമിയോ ക്ലിനിക്

G.ടി പി മെഡിക്കൽ സെന്റർ

H.മൾട്ടി സ്പെഷ്യലിറ്റി ഡെന്റൽ കെയർ ആൻഡ് ഓർത്തോഡന്റിക്ക് സെന്റർ

മേൽ സ്ഥാപനങ്ങളിലെ സ്ഥാപന മേധാവിക്ക് നൽകിയ ഡിമാൻഡ് നോട്ടീസും സ്ഥാപന മേധാവി സമർപ്പിച്ച റിട്ടേണുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**4.തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്.**

| പേര്/തസ്തിക | സ്ഥാപനം | അർദ്ധ വർഷം | ആകെ അർദ്ധ വാർഷിക വരുമാനം (സ്ഥാപനം സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ പ്രകാരം ) (₹) | ഈടാക്കിയ തൊഴിൽ നികുതി(₹)/ രസീത് നം | ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി (₹) | ഈടാക്കിയതിൽ കുറവ് വന്ന തുക (₹) |
|---|---|---|---|---|---|---|
| അർച്ചന പി കെ ക്ലർക്ക് | ജോയിന്റ് ആർ ടി ഓ ഓഫീസ് തളിപ്പറമ്പ | 2022-23 ഒന്നാം അർദ്ധ വർഷം | 105290 | 450 | 1000 | 550 |

**5. ഡി സി ബി പത്രിക തയ്യാറാക്കിയിട്ടില്ല**

തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി രജിസ്റ്ററുകളിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായുള്ള കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

**6. അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല**

വാർഷിക ധനകാര്യ പത്രിക പ്രകാരം (B-15 ഷെഡ്യൂൾ) തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവയുടെ കുടിശ്ശികയിനത്തിൽ 474220/- രൂപ(190820(Current)+283400(Arrear) പിരിക്കാൻ ബാക്കിയുണ്ടെങ്കിലും ആയത് സംബന്ധിച്ചുള്ള കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ കുടിശ്ശിക തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

മേൽ സൂചിപ്പിച്ച 1,2,3 പരാമർശങ്ങളിലെ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്താത്തതാണെങ്കിൽ ആയതിന്റെ അനുബന്ധ രേഖകൾ ഹാജരാക്കുന്നതിനും

പരാമർശം 4 ലെ തൊഴിൽ നികുതി ഈടാക്കിയതിലുള്ള കുറവിന് കാരണം അറിയിക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(26/11.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല.തൊഴിൽ നികുതി കുറവ് ഈടാക്കിയത് പരിഹരിക്കേണ്ടതും 1,2,3 പരാമർശങ്ങളിലെ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയതാണെങ്കിൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളും തൊഴിൽ നികുതി ഒടുക്കിയതുമായി ബന്ധപ്പെട്ട രേഖകളും ഹാജരാക്കേണ്ടതും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ലെങ്കിൽ ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി രജിസ്റ്ററുകളിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തേണ്ടതും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവയുടെ അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും നഗരസഭയുടെ തനത് വരുമാനത്തിന് ചോർച്ച സംഭവിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-13 സഞ്ചയ ലൈസൻസ് സോഫ്റ്റ്‌വെയർ-ലൈസൻസ് ഫീ കളക്ഷൻ പോസ്റ്റ് ചെയ്തിട്ടില്ല.

1994 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 447(1), 2020ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ ചട്ടം 5 പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ മുനിസിപ്പൽ പ്രദേശങ്ങളിൽ യാതൊരു സ്ഥലവും, സർക്കാർ നിർണ്ണയിക്കാവുന്ന നിരക്കിലോ, പ്രസ്തുത നിരക്കിനു വിധേയമായി മുനിസിപ്പാലിറ്റി പ്രസിദ്ധീകരിക്കുന്ന വിജ്ഞാപന പ്രകാരം നിശ്ചയിക്കുന്ന നിരക്കിലോ ലൈസൻസ് ഫീസ് ഒടുക്കാതെയും, ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കുവാൻ പാടുള്ളതല്ല.
സഞ്ചയ ലൈസൻസ് സോഫ്റ്റ്‌വെയറിലെ കലക്ഷൻ രജിസ്റ്റർ പരിശോധിച്ചത് പ്രകാരം നഗരസഭയിൽ 2022-23 സാമ്പത്തിക വർഷം 5 സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീ ഡിമാൻഡ് ചെയ്തിട്ടുണ്ടെങ്കിലും അടവാക്കിയതായി കാണുന്നില്ല.പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ മാന്വലി കലക്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(2/08.01.24) ലഭ്യമായ മറുപടിയിൽ കൂടുതൽ വ്യക്തത വരുത്തേണ്ടവ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | സ്ഥാപന ഉടമയുടെ പേര് | സ്ഥാപനം | സഞ്ചയ ലൈസൻസ് സോഫ്റ്റ്‌വെയർ പ്രകാരം ഡിമാൻഡ് ചെയ്ത ലൈസൻസ് ഫീ (രൂപയിൽ) | ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|---|
| 1 | 13/572 | മുഹമ്മദ് ഫാഹിസ് | ജെംസ് ഗോൾഡ് | 1000 | H2-13691/21ഫയൽ നം.പ്രകാരം 18/10/21 ന് ലൈസൻസ് ക്യാൻസൽ ചെയ്തിട്ടുണ്ട്. |
| 2 | 16/819/13 | അബ്ദുൾ നാസർ കെ | എം എസ് സൺസ് (മൽസ്യ സംഭരണം) | 500 | ടിയാന് ഡിമാൻഡ് (Demand No.7021822000995,31.8.22) ചെയ്ത ലൈസൻസ് ഫീ അടച്ചതിന്റെ റസീറ്റ് ഹാജരാക്കുന്ന പക്ഷം കളക്ഷൻ പോസ്റ്റ് ചെയ്യുന്നതാണ്. |
| 3 | 16/813 | ഫാത്തിമ എം പി | എം പി വെജിറ്റബ്ൾസ് | 500 | Demand No.7021822001385,27.12.22 പ്രകാരം ഡിമാൻഡ് ചെയ്ത ലൈസൻസ് ഫീ അടച്ച റസീറ്റ് ലഭ്യമാകുന്ന മുറയ്ക്ക് കളക്ഷൻ പോസ്റ്റ് ചെയ്യുന്നതാണ് |

ക്രമ നമ്പർ 1 ലൈസൻസ് ക്യാൻസൽ ചെയ്തതാണെങ്കിൽ വീണ്ടും ഡിമാൻഡ് ചെയ്തതിന്റെ കാരണം വ്യക്തമല്ല. ലൈസൻസ് ക്യാൻസൽ ചെയ്യുന്ന സ്ഥാപനങ്ങളുടെ അപേക്ഷകൾ സോഫ്റ്റ് വെയറിൽ യഥാസമയം ക്യാൻസൽ ചെയ്യേണ്ടതാണ്, അല്ലെങ്കിൽ സോഫ്റ്റ് വെയറിൽ ലൈസൻസ് ഫീ അരിയർ പെന്റിങ് ലിസ്റ്റിൽ പ്രസ്തുത സ്ഥാപനങ്ങൾ കടന്നു വരും. ക്രമ നമ്പർ 2,3 എന്നീ സ്ഥാപനങ്ങളിലെ ലൈസൻസ് ഫീ ലഭ്യമായിട്ടും കളക്ഷൻ സോഫ്റ്റ് വെയറിൽ പോസ്റ്റ് ചെയ്യാത്തതാണോ എന്ന് വ്യക്തമല്ല, ആയതിനാൽ ടി സ്ഥാപനങ്ങളുടെ ലൈസൻസ് ഫീ ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-14 വാടക-അപാകങ്ങൾ

**A.പുളിമ്പറമ്പ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഉള്ള വാടക കെട്ടിടത്തിൽ നിന്നും വാടക കുടിശ്ശിക ഈടാക്കാനുണ്ട്.**

നഗരസഭയിലെ പുളിമ്പറമ്പ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഉള്ള വാടക കെട്ടിടങ്ങളിൽ നിന്നും 2022-23 സാമ്പത്തിക വർഷം വാടകയിനത്തിൽ താഴെ പറയും പ്രകാരം കുടിശ്ശിക ലഭ്യമാക്കാനുണ്ട്.

| കെട്ടിട നമ്പർ | വാടകക്കാരന്റെ പേര് | വാടകയിനത്തിൽ ലഭിക്കേണ്ട തുക(രൂപയിൽ) |
|---|---|---|
| 33/38(8) | ശ്രീ ഇ വി രജീഷ് | 107904/-(8992*12) |

മേൽ പരാമർശിച്ച കെട്ടിടത്തിൽ നിന്നും വാടക ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(16/08.01.2024) ടി മുറിയിൽ നിന്നും വാടക ലഭ്യമാക്കുന്നതിന് റവന്യൂ റിക്കവറിക്കായി തഹസിൽദാർക്ക് അയച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി.റവന്യൂ റിക്കവറിയിലൂടെ വാടകയിനത്തിൽ ലഭ്യമാക്കേണ്ട തുക ഈടാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**B.ടൗൺ സ്ക്വയർ വാടക ഇനവുമായി ബന്ധപ്പെട്ട അപാകങ്ങൾ.**

1.വാർഷീക ധനകാര്യപത്രിക പ്രകാരം ടൗൺ സ്ക്വയർ വാടക ഇനത്തിലെ ഡിമാന്റ്,കളക്ഷൻ തുക 135500/- (Rent From Stadium)രൂപയാണ്. ടൗൺ സ്ക്വയർ വാടക രജിസ്റ്റർ പ്രകാരം 2022-23 വർഷം വാടകയായി 150640/- രൂപ ലഭിച്ചിട്ടുണ്ട്. വാർഷിക ധനകാര്യപത്രികയിലെ തുകയും രജിസ്റ്ററിലെ തുകയും തമ്മിലെ വ്യത്യാസത്തിന്റെ കാരണം വ്യക്തമല്ല.
2.രജിസ്റ്ററിൽ വാർഷിക സംഗ്രഹമെഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
3.ടൗൺ സ്ക്വയർ വാടകയ്ക്ക് നൽകുന്നതിനായി അംഗീകൃത നിയമാവലി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല
4. ടൗൺ സ്ക്വയറിന് ഈടാക്കേണ്ട വാടക സംബന്ധിച്ച കൗൺസിൽ തീരുമാനം ലഭ്യമാക്കിയില്ല.

മേൽ പരാമർശങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (55/22.01.2024) മറുപടി ലഭ്യമാക്കിയില്ല. പരാമർശങ്ങൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-15 ബസ്സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സിലെ കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുത്ത വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല.

വാടക രജിസ്റ്റർ,സഞ്ചയ ലൈസൻസ് സോഫ്റ്റ്‌വെയർ എന്നിവ പരിശോധിച്ചത് പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള ബസ്സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സിൽ 2022-23 സാമ്പത്തിക വർഷം വാണിജ്യാവശ്യങ്ങൾക്കായി വാടകയ്ക്ക് എടുത്ത താഴെ കൊടുക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ/വാടകക്കാരന്റെ പേര് | വാർഡ് നമ്പർ കെട്ടിട നമ്പർ |
|---|---|---|
| 1 | യൂണിമണി ഫിനാൻഷ്യൽ സർവീസ് | 17/3062 |
| 2 | കെൽട്രോൺ നോളജ് സെന്റർ | 17/3063 |
| 3 | കെ കെ പുരുഷോത്തമൻ | 17/3068 |
| 4 | മാനേജർ ദേശാഭിമാനി | 17/3069 |
| 5 | സെക്രട്ടറി പ്രസ് ഫോറം | 17/3070 |
| 6 | ധനേഷ് റാം | 17/3050 |
| 7 | എ ടി എം കേരളം സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ബാങ്ക് | 17/3022A |

മേൽ പരാമർശിച്ച വാടക കെട്ടിടത്തിൽ നിന്നും ലൈസൻസ് ഫീ ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(29/11.01.2024) പ്രസ്തുത സ്ഥാപനങ്ങൾക്ക് ഉടൻ നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി നൽകി. മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കേണ്ടതും ഈയിനത്തിലുള്ള വരുമാന ചോർച്ച പരിഹരിക്കേണ്ടതുമാണ്.

## 1-16 തനത് വരുമാനം-പൊതു അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്.തളിപ്പറമ്പ മുനിസിപ്പാലിറ്റിയിലെ 2022-23 സാമ്പത്തിക വർഷത്തെ അവലോകന റിപ്പോർട്ട് താഴെ കൊടുക്കുന്നു.
നികുതി ഇനങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി,വിനോദ നികുതി നികുതിയേതര ഇനങ്ങളായ FTE & OS ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, ക്രമവൽക്കരണ ഫീസ്, കെട്ടിട വാടക എന്നിവയാണ് മുനിസിപ്പാലിറ്റിയുടെ പ്രധാന വരുമാന മാർഗങ്ങൾ.

**വസ്തുനികുതി**

സ.ഉ(കൈ)നം.77/2023/തസ്വഭവ തീയതി 22.03.23, എസ്.ആർ.ഒ.നം.480/2023 തീയ്യതി 05.04.2023 എന്നിവ പ്രകാരം വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള കെട്ടിടങ്ങൾക്ക് വർഷം തോറും അഞ്ച് ശതമാനം എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിലും 2023-24 വർഷം പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് സ.ഉ.(അച്ചടി)26/23 05-04-2023 തീയതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം മുനിസിപ്പാലിറ്റി നിശ്ചയിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലുമാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. തളിപ്പറമ്പ നഗരസഭയിലെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് കൊണ്ട് 31.07.2023 തീയതിയിലെ 25 -)0 നമ്പർ കൗൺസിൽ തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ പുതിയ നിരക്കിലാണ് വസ്തുനികുതി ഈടാക്കുന്നത്. കെ-സ്മാർട്ട് നിലവിൽ വരുന്നതിനാൽ സഞ്ചയ സോഫ്റ്റ് വെയർ ബ്ലോക്ക് ചെയ്തിട്ടാണുള്ളത്,ആയതിനാൽ കൂടുതൽ പരിശോധന വസ്തു നികുതിയുമായി ബന്ധപ്പെട്ട് ഓഡിറ്റിന് നടത്താൻ സാധിച്ചില്ല,എന്നിരുന്നാലും ഫയലുകളും അസ്സസ്സ്മെന്റ് രജിസ്റ്ററുകളും പരിശോധിച്ചത് പ്രകാരം വസ്തു നികുതിയിനത്തിൽ നികുതിശോഷണം ഒഴിവാക്കുന്നതിനായി കെട്ടിടങ്ങളുടെ ഫീൽഡ് പരിശോധന കാര്യക്ഷമമായി നടത്തേണ്ടതുണ്ട്.

**അനധികൃത നിർമ്മാണം**

നഗരസഭയുടെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 488 ആണ്. നഗരസഭയിൽ അനധികൃതനിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 21 പ്രകാരം രണ്ട് നില വരെയുള്ള താമസകെട്ടിടങ്ങളും, 50 ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി1, ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്താവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നില്ല.ഫീൽഡ് പരിശോധന നടത്തി അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**തൊഴിൽ നികുതി.**

സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, മുനിസിപ്പാലിറ്റിയിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, മുനിസിപ്പൽ പരിധിയിലുള്ള പൊതുവിതരണ കേന്ദ്രത്തിലെ വ്യാപാരികൾ തുടങ്ങിയവർ, സ്വകാര്യ സ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.നഗരസഭയിൽ പരിപാലിക്കുന്ന തൊഴിൽ നികുതി രജിസ്റ്റർ അപൂർണമാണ്. സ്ഥാപനങ്ങളുടെ പേര്, ജീവനക്കാരുടെ ആകെ തൊഴിൽ നികുതി ഒടുക്കു വരുത്തിയ രശീത് നമ്പറുകൾ എന്നിവ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ജീവനക്കാരുടെ പേര് , തസ്തിക, അർദ്ധവാർഷിക വരുമാനം, ഒടുക്കിയ തൊഴിൽ നികുതി മുതലായ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുടെയും റിട്ടേണുകളുടെയും ഡാറ്റാ ബേസിന്റെയും അഭാവത്തിൽ തൊഴിൽ നികുതി ചുമത്തിയതിലെയും ഈടാക്കിയതിലെയും കൃത്യത ഉറപ്പു വരുത്താനായിട്ടില്ല. തൊഴിൽ നികുതി രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതും എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാ ബേസിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതിയിനത്തിലുണ്ടാകുന്ന വരുമാന ചോർച്ച പരിഹരിക്കേണ്ടതുമാണ്.

**IFTE&OS ലൈസൻസ്**

സഞ്ചയ ലൈസൻസ് സോഫ്റ്റ് വെയറിൽ യഥാസമയം ഈടാക്കുന്ന ലൈസൻസ് ഫീ കളക്ഷൻ പോസ്റ്റ് ചെയ്യാത്തതിനാൽ പല അപേക്ഷകളും പെന്റിങ് ലിസ്റ്റിൽ കാണിക്കുന്നു. കെ സ്മാർട്ടിലേക്ക് പ്രസ്തുത വിവരങ്ങൾ ഭാവിയിൽ പോർട്ട് ചെയ്യുമ്പോൾ ഇത്തരം അപാകങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതും നിലവിലുള്ള ലൈസൻസ് സോഫ്റ്റ്

വെയറിലെ എല്ലാ റിപ്പോർട്ടും പരിശോധിച്ചതിന് ശേഷം മാത്രം കെ സ്മാർട്ടിലേക്ക് വിവരം പോർട്ട് ചെയ്യേണ്ടതുമാണ്. മുനിസിപ്പാലിറ്റിയിൽ ലൈസൻസ് ഫീസിനത്തിൽ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കുന്നതെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പു വരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. കൂടുതൽ തുക മുതൽ മുടക്കുള്ള വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ ഫീൽഡ് പരിശോധനയിൽ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ.**

1. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി പരിശോധിച്ച് ഉറപ്പുവരുത്താവുന്നതാണ്.

3. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

4. വരവിനങ്ങളുടെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കുടിശ്ശിക തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5. ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

6. 01-04-2023 പ്രാബല്യത്തിൽ വരുന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി മുനിസിപ്പാലിറ്റിയിലെ മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.

7.പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച സർക്കാരിന്റെ സ.ഉ(കൈ)നം.86/22/തസ്വഭവ തീയതി 19/04/2022 ഉത്തരവ് ഖണ്ഡിക 5.1 ൽ വിഭവ സമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടു കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്.

## 1-17 ഐ എഫ് ടി ഇ & ഒ എസ് ലൈസൻസ്-അപാകങ്ങൾ.

**A. ലൈസൻസ് ഫീ-കളക്ഷൻ പോസ്റ്റ് ചെയ്തതിൽ പൊരുത്തക്കേട്.**

സർക്കാർ ഉത്തരവ് (പി)നമ്പർ 62/20 തസ്വഭവ തീയതി 30-10-20 പ്രകാരം കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 2020 നിലവിൽ വന്നിട്ടുണ്ട്. മേൽചട്ടപ്രകാരം വിവിധ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ, മറ്റു സേവനങ്ങൾ എന്നിവയെ ഉൽപാദന മേഖല, സേവന മേഖല എന്നിങ്ങനെ തരം തിരിച്ച് മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് വാർഷിക ലൈസൻസ് ഫീസ് ഈടാക്കേണ്ടത്.

താഴെ പറയുന്ന സ്ഥാപനങ്ങളിലെ സഞ്ചയ ലൈസൻസ് സോഫ്റ്റ്‌വെയറിൽ പോസ്റ്റ് ചെയ്ത ലൈസൻസ് ഫീയും ഡി&ഓ രജിസ്റ്ററിൽ രേഖപ്പെടുത്തിയ ലൈസൻസ് ഫീയും തമ്മിൽ പൊരുത്തക്കേട് ഉള്ളതായി കാണുന്നു.

| കെട്ടിട നമ്പർ | സ്ഥാപന ഉടമയുടെ പേര് | സ്ഥാപനം | ഈടാക്കിയ ലൈസൻസ് ഫീ (സഞ്ചയ ലൈസൻസ് സോഫ്റ്റ്‌വെയർ പ്രകാരം) | ഈടാക്കിയ ലൈസൻസ് ഫീ (ഡി & ഓ രജിസ്റ്ററിൽ രേഖപ്പെടുത്തിയത്) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 17/140 | ഷാജഹാൻ കെ | ഫാമിലി ഗോൾഡ് ജ്വല്ലറി | 500 | 1000 |
| 21/331 | ഹരിജയന്തൻ നമ്പൂതിരി | നാരായണീയം ഓഡിറ്റോറിയം | 500 | 1000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(01/08.01.24) ഡി & ഒ രജിസ്റ്ററിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്നുള്ള മറുപടി അറിയിച്ചു.ലൈസൻസ് സോഫ്റ്റ് വെയറിലെ വിവരവും രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന വിവരവും പൊരുത്തക്കേട് വരുന്നത് പരമാവധി ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.കെ സ്മാർട്ടിലേക്ക് വിവരങ്ങൾ പോർട്ട് ചെയ്യുന്നതിനാൽ ലൈസൻസ് സോഫ്റ്റ് വെയറിലെ വിവരങ്ങളും രജിസ്റ്ററിലെ വിവരങ്ങളും താരതമ്യം ചെയ്ത് കൃത്യത ഉറപ്പാക്കി വേണം പോർട്ട് ചെയ്യേണ്ടത്. അല്ലാത്ത പക്ഷം ലൈസൻസ് ഫീ ഭാവിയിൽ ഡിമാൻഡ് ചെയ്യുമ്പോൾ തെറ്റ് വരാൻ സാധ്യതയുണ്ട്.

**B.സഞ്ചയ ലൈസൻസ് സോഫ്റ്റ് വെയറിലെ അപാകങ്ങൾ**

1.സഞ്ചയ ലൈസൻസ് സോഫ്റ്റ് വെയറിൽ 2022-23 വർഷത്തിന് മുമ്പുള്ള വിവിധ സാമ്പത്തിക വർഷങ്ങളിൽ ലൈസൻസ് ലഭ്യമാക്കുന്നതിന് ലഭിച്ച അപേക്ഷകൾ പെന്റിംഗ് ആയി കാണപ്പെടുന്നു. ലൈസൻസിനായി അപേക്ഷ ഫീസ് ഒടുക്കിയ 30 സ്ഥാപനങ്ങളും ഫീസ് ഒടുക്കാത്ത 44 സ്ഥാപനങ്ങളും ഇപ്രകാരം ഇൻബോക്സിൽ ലൈസൻസ് പെന്റിംഗ് ലിസ്റ്റിൽ കാണുന്നുണ്ട്. ഇവർ ലൈസൻസ് പുതുക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമല്ല.

2.സഞ്ചയ ലൈസൻസ് സോഫ്റ്റ് വെയറിൽ 17 -)ം വാർഡ് മാത്രം പരിശോധിച്ചതിൽ റിന്യൂവൽ പെൻഡിങ് ലിസ്റ്റിൽ 75 സ്ഥാപനങ്ങളുണ്ട്. ഈ സ്ഥാപനങ്ങളിലെ ലൈസൻസ് ഇഷ്യൂ ചെയ്യുന്നതുമായി ബന്ധപ്പെട്ട തുടർ നടപടി വിവരം ലഭ്യമല്ല.

3.നഗരസഭയിലെ ഓരോ വാർഡിലെയും കെട്ടിട നമ്പർ ഉൾപ്പെടയുള്ള സ്ഥാപനങ്ങളുടെ വിവരം സഞ്ചയ ലൈസൻസ് സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല. ഓരോ സാമ്പത്തിക വർഷത്തിലും ലൈസൻസ് പുതുക്കുന്ന സ്ഥാപനങ്ങളുടെ വിവരം മാത്രമാണ് ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങളുടെ വർഷം തിരിച്ചുള്ള വിവരം സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(01/08.01.24) പ്രസ്തുത സ്ഥാപനങ്ങൾക്ക് പലതരത്തിലുള്ള ന്യൂനതകൾ കണ്ടെത്തിയതിനാൽ ലൈസൻസ് അനുവദിച്ചില്ലായെന്ന മറുപടി നൽകി.ടി വിവരം സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും കെ സ്മാർട്ട് സോഫ്റ്റ് വെയറിലേക്ക് വിവരം പോർട്ട് ചെയ്യുന്നതിന് മുമ്പ് പ്രസ്തുത ന്യൂനതകൾ പരിഹരിക്കേണ്ടതുമാണ്.

**C. ലൈസൻസ് എടുത്ത സ്ഥാപനത്തിൽ മറ്റ് അനുബന്ധ കച്ചവടം നടത്തുന്നു.**

ഫ്യൂഷൻ സലൂൺ എന്ന സ്ഥാപനം (16/136/137, അബ്ദുൾ സത്താർ കെ പി), ലൈസൻസിന് വിരുദ്ധമായി മൊബൈൽ ഫോൺ അനുബന്ധ കച്ചവടം നടത്തുന്നതിനാൽ സഞ്ചയ ലൈസൻസ് സോഫ്റ്റ് വെയറിൽ 'Files Recommended For Rejection' എന്നതിൽപ്പെടുത്തിയിട്ടാണുള്ളത്. പ്രസ്തുത സ്ഥാപനത്തിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് ഫീ ഈടാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ നിലവിലെ ഉപയോഗ ക്രമം വ്യക്തമല്ല.ആയതിനാൽ ലൈസൻസ് ഈടാക്കിയതിന്റെ കൃത്യത വ്യക്തമല്ല.

**D. ഡി & ഒ രജിസ്റ്ററുകൾ സംക്ഷിപ്തം എഴുതി സാക്ഷ്യപെടുത്തേണ്ടതാണ്**

2022-23 സാമ്പത്തിക വർഷത്തിലെ വാർഡ് തിരിച്ചിട്ടുള്ള ഡി & ഓ രജിസ്റ്ററുകളിൽ കൃത്യമായി സംക്ഷിപ്തം രേഖപ്പെടുത്തുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## 1-18 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ-അപാകങ്ങൾ.

A.1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 313, 1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ നഗരസഭാ പരിധിക്കുള്ളിൽ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടില്ല.

2022-23 വർഷത്തെ പാരാമെഡിക്കൽ രജിസ്റ്റർ,സഞ്ചയ ലൈസൻസ് സോഫ്റ്റ്‌വെയർ തുടങ്ങിയവ പരിശോധിച്ചത് പ്രകാരം കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ രജിസ്റ്ററിൽ 2021-22,2022-23 വർഷം രജിസ്ട്രേഷൻ നൽകിയ സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

2.ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം 2021-22 കാലയളവിൽ രജിസ്ട്രേഷൻ എടുത്ത താഴെ പറയുന്ന സ്ഥാപനങ്ങൾ 2022-23 സാമ്പത്തിക വർഷം രജിസ്ട്രേഷൻ പുതുക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേര് |
|---|---|---|
| 1 | മാസ് മെഡികെയർ ലബോറട്ടറി | ഇബ്രാഹിം കെ എൻ |
| 2 | മാസ് മെഡിക്കൽ സ്പീച് തെറാപ്പി | മുഹമ്മദ് കുഞ്ഞി കെ എൻ |
| 3 | സത്യാ ഹോമിയോ ക്ലിനിക് | ഡോ.പി കെ രജീവ് |
| 4 | ഹോമിയോപ്പതിക് ക്ലിനിക് | ഡോ വർഗീസ് സി ജെ |
| 5 | ആർ എം ഹോമിയോ ക്ലിനിക് | ഡോ ശ്രീവൽസ് ഗോപിനാഥ് മേനോൻ |
| 6 | ദി സിസ്റ്റേഴ്സ് ഡയബറ്റിക് സെന്റർ | ഡോ ജെയ്സൺ ജോസഫ് |
| 7 | തളിപ്പറമ്പ എക്സ് റേ ലാബ് | ഡോ അബ്ദുൾ സമദ് |
| 8 | ഫാത്തിഹ് ഡെന്റൽ ക്ലിനിക് | ഡോ മുക്താർ അഹമദ് |
| 9 | സെൻട്രൽ ക്ലിനിക് | ഡോ സുബൈർ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(3/08.01.24) ക്രമ നമ്പർ 1 മുതൽ 8 വരെ രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെന്നും ക്രമ നമ്പർ 9 പുതുക്കിയിട്ടില്ലായെന്നുമുള്ള മറുപടി നൽകി.മേൽ പരാമർശിച്ച മുഴുവൻ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ പുതുക്കിയ അനുബന്ധ രേഖകൾ ഹാജാരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

B.ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

2022-23 വർഷത്തെ പാരാമെഡിക്കൽ രജിസ്റ്റർ,സഞ്ചയ ലൈസൻസ് സോഫ്റ്റ്‌വെയർ തുടങ്ങിയവ പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്ത/പുതുക്കിയ രേഖകൾ ലഭ്യമല്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേര് |
|---|---|---|---|
| 1 | 29/168 | മൾട്ടി സ്പെഷ്യലിറ്റി ഡെന്റൽ കെയർ ക്ലിനിക് | ഡോ സജി പി |
| 2 | 29/217 | മൾട്ടി സ്പെഷ്യലിറ്റി ഡെന്റൽ ഓർത്തോഡന്റിക് സെന്റർ | ഡോ നിഖിൽ ദേവസ്യ പി ജെ |
| 3 | 29/262 | സിമില ഹോമിയോ കെയർ | നവ്യ കൃഷ്ണ യാദവ് |
| 4 | 29/536,537 | യൂണിറ്റി ഡെന്റൽ ക്ലിനിക്ക് | ഡോ ധന്യലാൽ |
| 5 | 29/582 | നീതി മെഡിക്കൽ ലാബ് | ഫസല് റഹ്മാൻ |
| 6 | 32/626 | ഡെന്റൽ സ്പെഷ്യലിറ്റി ക്ലിനിക്ക് | ഡോ രവീന്ദ്രനാഥ് |
| 7 | 17/2276 | നീതി മെഡിക്കൽ ലാബ് | ബാലകൃഷ്ണൻ ടി |
| 8 | 17/2427/2430 | തളിപ്പറമ്പ എക്സ് റേ പോളിക്ലിനിക് ലാബ് | അബ്ദുൾ റഹിം ടി |
| 9 | 17/1389,1390,1391,1392 | ശ്രുവണ സ്പീച് തെറാപ്പി | ശ്രീജിത്ത് ഇ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(3/08.01.24) .ക്രമ നമ്പർ 1,2,4,6,7,8 എന്നിവ രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെന്നും ക്രമ നമ്പർ 3,5,9 സ്ഥാപനങ്ങൾ പുതുക്കിയിട്ടില്ലായെന്നുമുള്ള മറുപടി നൽകി. മേൽ പരാമർശിച്ച മുഴുവൻ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ പുതുക്കിയ അനുബന്ധ രേഖകൾ ഹാജാരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-19 ബിൽഡിങ് പെർമിറ്റ് സംബന്ധിച്ച അപാകങ്ങൾ.

2022-23 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ, ലഭ്യമാക്കിയ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ പൊതുവായ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1. പെർമിറ്റ് രജിസ്റ്റർ പൂർണമല്ല.**

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതുവരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. കെട്ടിട നിർമ്മാണം പൂർത്തിയാക്കി ഒക്യൂപൻസി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നത് ഉൾപ്പെടെയുള്ള എല്ലാ കോളങ്ങളിലും രേഖപ്പെടുത്തലുകൾ ഇല്ല.പെർമിറ്റിനായി ലഭിച്ച അപേക്ഷകളുടെ (പെർമിറ്റ് രജിസ്റ്ററിലെ ക്രമനമ്പറുകൾ-4,25,26,39,47,65,75,83, 101,104,106,116,288,292, 295,332,363,365,367,369, 392,396,409,414,417,418) തുടർ നടപടികൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതിൽ പലതും പെർമിറ്റ് ഫീ ഈടാക്കി ബിൽഡിംഗ് പെർമിറ്റ്

അനുവദിച്ചവയാണ്. മറ്റ് പല അപേക്ഷകളുടെ കാര്യത്തിലും ഒടുക്കിയ ബിൽഡിംഗ് പെർമിറ്റ് തുക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

**2.ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പ്രകാരമുള്ള മിക്ക അപേക്ഷകളുടെ കാര്യത്തിലും, രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടിയിരുന്ന പ്രധാനപ്പെട്ട വിവരങ്ങൾ ചേർത്തിട്ടില്ല.**

**Details(Column Number):**Period Of Fresh License(14),Property Tax Mutation No (15),Assessment No.(16),If License Is Refused Grounds For Refusal (18)

മുകളിൽപ്പറഞ്ഞിരിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ ഇഷ്യൂ ചെയ്ത പെർമിറ്റുകളുടെ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, വസ്തുനികുതി നിർണ്ണയം, അപേക്ഷ നിരസിച്ചെങ്കിൽ ആയതിന്റെ കാരണങ്ങൾ മുതലായവയൊന്നും രജിസ്റ്ററിൽ നിന്ന് മനസ്സിലാക്കുവാൻ നിലവിൽ സാധിക്കുന്നില്ല. പുതുതായി കൂട്ടിച്ചേർക്കലുകൾ നടത്തുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ, വെള്ളം വൈദ്യുതി കണക്ഷനുകൾ പ്രത്യേകം എടുക്കേണ്ട ആവശ്യമില്ലാത്ത സംഗതികളിൽ, കെട്ടിടം പണി പൂർത്തിയായാലും ഉടമകൾ ഓക്യുപ്പൻസിക്കായി നഗരസഭയിൽ അപേക്ഷ സമർപ്പിക്കാൻ സാധ്യതയില്ല.

**3. പെർമിറ്റ് അപേക്ഷകളിൻമേൽ A.E യുടെ അന്വേഷണ റിപ്പോർട്ട് പൂർണമല്ല.**

തദ്ദേശസ്വയംഭരണവകുപ്പിന്റെ 2/12/15-ലെ നം.12900/ആർ/2015/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം പെർമിറ്റ് അപേക്ഷകളിൽ എഞ്ചിനിയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശ ഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതും, പ്രസ്തുത റിപ്പോർട്ടിൽ സ്ഥലപരിശോധന നടത്തി അളവുകളും അതിരുകളും തിട്ടപ്പെടുത്തുന്നത്, സ്ഥലത്തിന്റെ പേര്, വാർഡ് നമ്പർ, സർവെ / റീസർവെ നമ്പർ, വിസ്തൃതി, വഴിയുടെ വീതി, സ്ഥലത്തിന്റെ തരം, ചുറ്റുവട്ടത്തെ വികസനം, പെർമിറ്റ് ഫീസ് സംബന്ധമായ കണക്കാക്കലുകൾ, പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച് കൃത്യമായ ശുപാർശ മുതലായവയും ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ AE യുടെ അന്വേഷണ റിപ്പോർട്ടിൽ മേൽ വിവരങ്ങൾ പൂർണമായും രേഖപ്പെടുത്തുന്നില്ല എന്നു കാണുന്നു. കൂടാതെ നോട്ട് ഫയലിലാണ് റിപ്പോർട്ട് എഴുതി ചേർത്തിരിക്കുന്നത്.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(51/19.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-20 വസ്തു നികുതി അപാകങ്ങൾ

വസ്തുനികുതിയുമായി ബന്ധപ്പെട്ട് അസസ്മെന്റ് രജിസ്റ്റർ, ഫയലുകൾ, ജി.ഐ.എസ് മാപ്പിംഗ് തുടങ്ങിയവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

**A.ജി ഐ എസ് മാപ്പിങ് – അപ്ഡേഷൻ നടത്തുന്നില്ല**

ജി ഐ എസ് മാപ്പിങ് അപ്ഡേഷൻ പൂർത്തീകരിച്ചതായി കാണുന്നില്ല.പുതിയ അസ്സസ്സ്മെന്റ് രജിസ്റ്ററുകളിലെ മിക്ക കെട്ടിട വിവരവും ജി ഐ എസ് മാപ്പിംഗ് സോഫ്റ്റ് വെയറിൽ ലഭ്യമല്ല.

**B.അനധികൃത നിർമ്മാണത്തിന്റെ തുടർ നടപടി ലഭ്യമല്ല**

ടിഎംസി 16/1523 നമ്പർ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റുന്നതിന് കെ എസ് അബ്ദുൾ സലാം നൽകിയ അപേക്ഷയിന്മേൽ റവന്യൂ ഇൻസ്പെക്ടർ ഫീൽഡ് പരിശോധന നടത്തി അധിക നിർമ്മാണം നടത്തിയെന്നത് ബോധ്യപ്പെട്ടതിനാൽ റിപ്പോർട്ട് ചെയ്യുകയും ആയത് സെക്രട്ടറിയുടെ R2-18458/23,21.11.23 കത്ത് പ്രകാരം ഉടമയോട് വിശദ വിവരം നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത കത്തിന്റെ തുടർ നടപടി വിവരം ലഭ്യമല്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(45/17.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.ഐ.എസ് മാപ്പിംഗ് അപ്ഡേഷൻ നടപടികൾ പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. കൂടാതെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിക്കേണ്ടതും യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി ത്വരിതപ്പെടുത്തേണ്ടതുമാണ്.

## 1-21 ലൈസൻസ് അനുവദിക്കുമ്പോൾ ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കിയിട്ടില്ല.

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തീയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ

സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിരുന്നു. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ലൈസൻസ് അനുവദിക്കുമ്പോൾ മേൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.15/08.01.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മാത്രം ലൈസൻസ് അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-22 കാലിത്തീറ്റ വിതരണം-സബ്സിഡി നിരക്കിൽ അധികം നൽകിയ 2500 രൂപ നിരാകരിക്കുന്നു

നഗരസഭയിലെ തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകർക്ക് പശു ഒന്നിന് 100 കിലോഗ്രാം തീറ്റയ്ക്ക് 1250 രൂപ നിരക്കിൽ 80 പേർക്ക് 6 മാസം പരമാവധി 7500 രൂപ വരെ സബ്സിഡി നിരക്കിൽ തീറ്റ നൽകുന്നതുമായി ബന്ധപ്പെട്ടതാണ് ചുവടെ കൊടുക്കുന്ന പ്രോജക്ട്.ഒന്നിൽ കൂടുതൽ പശുക്കൾ ഉള്ളവർക്ക് സബ്സിഡി മാനദണ്ഡമനുസരിച്ച് പരമാവധി 10000 രൂപ സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകാം.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ വെറ്റിനറി സർജൻ |
| പ്രോജക്ട് &നം | ക്ഷീര കർഷകർക്ക് കാലിത്തീറ്റ<br>വിതരണത്തിന് സബ്സിഡി -193/23 |
| അടങ്കൽ | ₹450000(വികസന ഫണ്ട് -ജനറൽ ) |
| ചെലവ് | ₹450000(വികസന ഫണ്ട് -ജനറൽ ) |
| ബിൽ നം & തീയതി | 169/13.12.2022-₹66250<br>202/12.01.2023-₹102500<br>231/10.02.2023-₹110000<br>280/14.03.2023-₹92500<br>324/23.03.2023-₹78750 |

സ.ഉ(കൈ)നം.115/2022/തസ്വഭവ, 28.05.2022 പ്രകാരം മേൽ പദ്ധതിയ്ക്ക് ജനറൽ വിഭാഗത്തിന് പരമാവധി 10000 രൂപയാണ് സബ്സിഡി നിരക്ക്. തളിപ്പറമ്പ ക്ഷീര വ്യവസായ സഹകരണ സംഘത്തിൽ നിന്നാണ് കാലിത്തീറ്റ വിതരണം ചെയ്തിട്ടുള്ളത്. സംഘം ഹാജരാക്കിയ ഇൻവോയ്സുകൾ, കാറ്റിൽ ഫീഡ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം ശ്രീമതി എം കെ ഉഷ,33/386 എന്ന കർഷകയ്ക്ക് 12500 രൂപ ആകെ സബ്സിഡി നിരക്കിൽ(2500രൂപ അധികം) കാലിത്തീറ്റ ലഭ്യമാക്കിയിട്ടുണ്ട്.

| സബ്സിഡിഅനുവദിച്ച മാസം<br>(കാറ്റിൽ ഫീഡ് സ്റ്റേറ്റ്മെന്റ് പ്രകാരം) | തുക ഉൾപ്പെടുന്ന<br>ബിൽ വിവരം | അനുവദിച്ച<br>സബ്സിഡി നിരക്ക് (₹) |
|---|---|---|
| November 2022 | 169/13.12.2022-₹66250 | 2500 |
| December 2022 | 202/12.01.2023-₹102500 | 2500 |
| December 2022 | 202/12.01.2023-₹102500 | 1250 |
| January 2023 | 231/10.02.2023-₹110000 | 3750 |
| February 2023 | 280/14.03.2023-₹92500 | 2500 |
| ആകെ | | 12500 |

മേൽ ഗുണഭോക്താവിന് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികമായി സബ്സിഡി ആനുകൂല്യം ലഭ്യമാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.35/15.01.24)ഡിസംബർ മാസം കാലിത്തീറ്റ നൽകിയ സൊസൈറ്റിയുടെ സ്റ്റേറ്റ് മെന്റിൽ ശ്രീമതി ഉഷ എം കെ എന്ന ഗുണഭോക്താവിനെ 2 തവണ ചേർത്തതിനാലാണ് ടിയാന് സബ്സിഡി തുക അധികം നൽകിയത് എന്ന മറുപടി ലഭ്യമാക്കി. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ അധികം നൽകിയ 2500 രൂപ തിരിച്ചു പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. (ഭാഗം 3-2 കാണുക)

## 1-23 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-കാലിത്തീറ്റ വിതരണത്തിന് അധികമായി നൽകിയ തുക ക്രമീകരിക്കേണ്ടതാണ്.

തളിപ്പറമ്പ് നഗരസഭയിലെ 2022-23 വർഷത്തിൽ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി എന്ന പ്രോജക്ടിൽ 4-6 മാസം പ്രായമുള്ള കന്നുകുട്ടികൾക്ക് പകുതി വിലയ്ക്ക് തീറ്റ നൽകുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |

| | |
|---|---|
| പ്രൊജക്ട് നമ്പർ / പേര് | 178/23 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹750000 (വികസനഫണ്ട് –ജനറൽ 375000, മറ്റുള്ളവ – 375000) |
| ചെലവ് | ₹375000(വികസനഫണ്ട് –ജനറൽ) |
| ബിൽ നം./<br>തീയ്യതി/തുക | 311/21.03.23/₹375000<br>(ACR പ്രകാരം) |

30 കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണത്തിനായി 375000 രൂപ (30x12500) എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് ട്രഷറി അക്കൌണ്ടിലേക്ക് (719011400000003) മുൻകൂർ നൽകിയിട്ടുണ്ട്.
കന്നുകുട്ടി ജനന രജിസ്റ്റർ പ്രകാരം തെരഞ്ഞെടുത്ത 30 കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണത്തിനായി തളിപ്പറമ്പ ക്ഷീര വ്യവസായ സഹകരണ സംഘത്തെയാണ് തളിപ്പറമ്പ് നഗരസഭ ഭരണസമിതി തെരഞ്ഞെടുത്തത്.തളിപ്പറമ്പ ക്ഷീരവ്യവസായ സഹകരണ സംഘത്തിന്റെ കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചത് പ്രകാരം ഏപ്രിൽ 2023 മുതൽ കാലിത്തീറ്റ വിതരണം തുടങ്ങിയിട്ടുണ്ട്.ശ്രീമതി ഭാർഗവി പി എന്നയാൾക്ക് ഇതുവരെ കാലിത്തീറ്റ വിതരണം നടത്തിയിട്ടില്ല.കൂടാതെ നാരായണൻ പി വി എന്ന ഗുണഭോക്താവിന് ജൂലൈ 2023 മുതൽ വിതരണം നിർത്തിയിട്ടുണ്ട്.ആയതിന്റെ കാരണം വ്യക്തമാക്കുന്നതിനും പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട ഭാഗീക വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.37/15.01.24) ഭാർഗ്ഗവി പി,നാരായണൻ പി വി എന്നീ ഗുണഭോക്താക്കൾ കന്നുകുട്ടികളെ വിൽപ്പന നടത്തിയതിനാലാണ് തീറ്റ കൈപ്പറ്റാതിരുന്നതെന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നുമുള്ള മറുപടി അറിയിച്ചു. ഗുണഭോക്താക്കൾ കൊഴിഞ്ഞു പോകുന്നതിനാൽ കാലിത്തീറ്റ വിതരണത്തിൽ അധികമായി വരുന്ന സബ്സിഡി തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. കൂടാതെ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ബാക്കി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-24 നഗരസഭ സെക്രട്ടറി -ശമ്പളവും, അലവൻസുകളും, പെൻഷൻ അംശദാനവും - കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കുന്നില്ല.

1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3), കേരളാസർവ്വീസ് റൂൾസ് പാർട്ട് 1 റൂൾ 146 എന്നിവ പ്രകാരം നഗരസഭ സെക്രട്ടറി ഒരു സർക്കാർ ഉദ്യോഗസ്ഥനെന്നനിലയിൽ ശമ്പളവും അലവൻസുകളും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് പിൻവലിക്കേണ്ടതും ടിയാന്റെ സേവനം നഗരസഭയ്ക്കായി വിട്ടുനൽകിയിട്ടുള്ളതിനാൽ പ്രസ്തുത തുകകളും പെൻഷൻ അംശദാനവും മുനിസിപ്പാലിറ്റി തനതുഫണ്ടിൽ നിന്ന് മാസം തോറും തിരികെ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതുമാണ്. സെക്രട്ടറിയുടെ ശമ്പളവും, അലവൻസുകളും, പെൻഷൻ അംശദാനവും പെൻഷൻ കോൺട്രിബ്യൂഷൻ തുകയും ഏത് കാലയളവ് വരെ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേയ്ക്ക് അടവാക്കിയിട്ടുണ്ടെന്നുള്ളതിന്റെ വിവരവും, അടവാക്കിയതിന്റെ വിശദാംശങ്ങളും, ഇനി സഞ്ചിത നിധിയിലേയ്ക്ക് ഒടുക്കാൻ ബാക്കിയുള്ള ശമ്പളത്തിന്റെയും അലവൻസുകളുടെയും വിശദാംശങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 43/**16-01-2024**)ക്കുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല. സഞ്ചിത നിധിയിലേക്ക് ഒടുക്കുവാനുള്ള തുക ഒടുക്കുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 വയോമിത്രം വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ₹1305600 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 175/23, വയോമിത്രം വിഹിതം നൽകൽ (വികസനഫണ്ട്-ജനറൽ) |
| അടങ്കൽ | ₹1305600(വികസനഫണ്ട്-ജനറൽ) |
| ചെലവ് തുക | ₹1305600 |
| ബിൽ നമ്പർ& തീയതി | ₹1305600 /89/ 24-08-2022 |

വയോമിത്രം പദ്ധതിയുടെ 2022-23 വർഷത്തെ നഗരസഭാ വിഹിതമായി ₹1305600 സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.70101140000134) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രസീതിയും, തുകയുടെ വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനക്കായി ലഭ്യമാക്കണമെന്നും, വയോമിത്രം പദ്ധതിയുടെ ഭാഗമായി തളിപ്പറമ്പ നഗരസഭയിൽ 2022-23 സാമ്പത്തിക വർഷം എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയതെന്നും, വയോമിത്രം പദ്ധതി പ്രവർത്തനങ്ങൾ

നഗരസഭ മോണിറ്റർ ചെയ്യാറുണ്ടോ എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-17/**09-01-2024**) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് രസീതിയും വിനിയോഗ സാക്ഷ്യപത്രവും പരിശോധനക്കായി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹1305600 തടസ്സപ്പെടുത്തുന്നു. നഗരസഭയിൽ 2022-23 സാമ്പത്തിക വർഷം എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയതെന്നതിന്റെ വിവരവും കൈപ്പറ്റ് രശീതിയും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-26 വിവിധ വാർഡുകളിൽ കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കൽ-വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹4895800തടസപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, തളിപ്പറമ്പ മുനിസിപ്പാലിറ്റി |
| പ്രോജക്ടിന്റെ നമ്പരും പേരും | 388/23,വിവിധ വാർഡുകളിൽ കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കൽ |
| അടങ്കൽ | ₹4895821 (ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് തുക | ₹4895800 |
| ബിൽ നമ്പർ& തീയതി | 283/ 14-03-2023 |

നഗരസഭയിലെ വിവിധ വാർഡുകളിൽ കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്ന പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിയിൽ മുകളിൽ കൊടുത്ത പ്രകാരം ഡെപ്പോസിറ്റ് ചെയ്ത ₹4895800യുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/09-01-2024) വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഡെപ്പോസിറ്റ് ചെയ്ത തുകയുമായി ബന്ധപ്പെട്ട പദ്ധതി നിർവ്വഹണം സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹4895800 തടസപ്പെടുത്തുന്നു. കരാർ കാലാവധിക്കകം പദ്ധതി നിർവ്വഹണം പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

**1-27 കുഞ്ഞരയാൽ-കാക്കാഞ്ചാൽ റോഡ് വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക ₹1123000 തടസപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, തളിപ്പറമ്പ മുനിസിപ്പാലിറ്റി |
| പ്രോജക്ടിന്റെ നമ്പരും പേരും | 389/23,കുഞ്ഞരയാൽ-കാക്കാഞ്ചാൽ റോഡ് വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | ₹1123300(ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് തുക | ₹1123300 |
| ബിൽ നമ്പർ& തീയതി | 264/ 07-03-2023 |

നഗരസഭ കുഞ്ഞരയാൽ-കാക്കാഞ്ചാൽ റോഡ് വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ എന്ന പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിയിൽ മുകളിൽ കൊടുത്ത പ്രകാരം ഡെപ്പോസിറ്റ് ചെയ്ത ₹1123000യുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/**09-01-2024**) വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഡെപ്പോസിറ്റ് ചെയ്ത തുകയുമായി ബന്ധപ്പെട്ട പദ്ധതി നിർവ്വഹണം സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹1123000 തടസപ്പെടുത്തുന്നു. കരാർ കാലാവധിക്കകം പദ്ധതി നിർവ്വഹണം പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

**1-28 എസ് എസ് കെ വിഹിതം അടവാക്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹2000000 തടസ്സപ്പെടുത്തുന്നു.**

ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ എസ്.എസ്.കെ വിഹിതം അടവാക്കൽ എന്ന പ്രൊജക്റ്റ് പ്രകാരം ₹2000000 ജില്ലാ പ്രൊജക്റ്റ് ഓഫീസർ,SSK ക്ക് നൽകിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്റ്റ് നം./ പേര് | 365/23, എസ് എസ് കെ വിഹിതം അടവാക്കൽ |
| അടങ്കൽ | ₹2000000 (വികസനഫണ്ട്-ജനറൽ) |
| ചെലവ് | ₹2000000 (വികസനഫണ്ട്-ജനറൽ) |
| ബിൽ നം./തീയതി/തുക | 130/19-10-2022-₹2000000<br>(എസിആർ പ്രകാരം) |

എസ്.എസ്.കെ പ്രൊജക്റ്റ് നടപ്പിലാക്കുന്നത് എങ്ങനെയായിരിക്കണം എന്നത് സംബന്ധിച്ച് പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ[സ.ഉ(കൈ)നം.86/2022/LSGD Dtd. 19.04.2022] വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസക്തമായവ ചുവടെ കൊടുക്കുന്നു.

1.എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്റ്റിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്റ്റ് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ( ഖ 8.6.3)

2.തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്റ്റിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ് എസ്.കെ. പ്രോജക്റ്റ് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ് എസ്.കെ. ഉറപ്പാക്കണം.

പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ല പ്രൊജക്റ്റ് ഓഫീസർ SSK നൽകുന്ന പദ്ധതിയുടെ ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും പദ്ധതി തയ്യാറാക്കുന്നതിൽ നഗരസഭയുടെ പങ്കാളിത്തം ഉറപ്പ് വരുത്തിയതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(14/08.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹2000000 തടസ്സപ്പെടുത്തുന്നു. ആയത് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-29 വൈര്യാം കോട്ടം മുക്കോല അംഗൻവാടി വാട്ടർ കണക്ഷൻ നൽകൽ-വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക ₹12420 തടസപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, തളിപ്പറമ്പ മുനിസിപ്പാലിറ്റി |
| പ്രോജക്റ്റിന്റെ നമ്പരും പേരും | 423/23- വൈര്യാം കോട്ടം മുക്കോല അംഗൻവാടി വാട്ടർ കണക്ഷൻ നൽകൽ |
| അടങ്കൽ | ₹15000 (വികസനഫണ്ട്) പൊതുവിഭാഗം |
| ചെലവ് തുക | ₹12420 |
| ബിൽ നമ്പർ, തീയതി & തുക | 330/ 23-03-2023/ 12420 |

വൈര്യാം കോട്ടം മുക്കോല അംഗൻവാടി വാട്ടർ കണക്ഷൻ നൽകൽ എന്ന പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിയിൽ മുകളിൽ കൊടുത്ത പ്രകാരം ഡെപ്പോസിറ്റ് ചെയ്ത **₹12420** യുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(22/09-01-2024)** മറുപടി ലഭ്യമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് ചെയ്ത തുകയുമായി ബന്ധപ്പെട്ട പദ്ധതി നിർവ്വഹണം സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക **₹12420** തടസപ്പെടുത്തുന്നു. കരാർ കാലാവധിക്കകം പദ്ധതി നിർവ്വഹണം പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

**1-30 ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ വിവിധ പ്രോജക്റ്റുകൾ - അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല-ചെലവ് തുക ₹519214 തടസ്സപ്പെടുത്തുന്നു.**

A.തളിപ്പറമ്പ് ഗവ.മാപ്പിള യു പി സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങുന്നതുമായി ബന്ധപ്പെട്ടതാണ് ചുവടെ കൊടുക്കുന്ന പ്രോജക്റ്റ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ടാഗോർ വിദ്യാനികേതൻ തളിപ്പറമ്പ |
| പ്രോജക്റ്റ് നം. | 483/23 |
| പ്രോജക്റ്റിന്റെ പേര് | ഗവ.മാപ്പിള യു പി സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങിക്കൽ |
| അടങ്കൽ | ₹500000 (വികസന ഫണ്ട്-ജനറൽ) |

| | |
|---|---|
| ചെലവ് | ₹499214(വികസന ഫണ്ട്-ജനറൽ) |
| ബിൽ നം/തീയതി/തുക | 277/10.03.23-₹354236<br>308/20.03.23-₹144978 (ACR പ്രകാരം) |

ARTCO Ltd ൽ നിന്നും മേൽ ബിൽ പ്രകാരം ഫർണിച്ചറുകൾ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1.ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്തതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമല്ല.

2.ഫർണിച്ചറുകൾ കൈപ്പറ്റിയതുമായി ബന്ധപ്പെട്ട കൈപ്പറ്റ് രസീത്/ വിതരണ രജിസ്റ്റർ ലഭ്യമല്ല.

3.പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.

**B.**സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് നടത്തുന്നതുമായി ബന്ധപ്പെട്ടതാണ് ചുവടെ കൊടുക്കുന്ന പ്രോജക്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ,ടാഗോർ വിദ്യാനികേതൻ തളിപ്പറമ്പ |
| പ്രോജക്ട് നം. | 482/23 |
| പ്രോജക്ടിന്റെ പേര് | സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് |
| അടങ്കൽ | ₹20000 (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | ₹20000(വികസന ഫണ്ട്-ജനറൽ) |
| ബിൽ നം/തീയതി/തുക | 254/27.02.23-₹20000<br>(ACR പ്രകാരം) |

പ്രസ്തുത പ്രൊജക്ടുമായി ബന്ധപ്പെട്ട് മേൽ ബിൽ പ്രകാരം ചെലവഴിച്ച 20000 രൂപയുടെ അനുബന്ധ ബില്ലുകളും മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമല്ല.

മേൽ പരാമർശിച്ച A,B പ്രോജക്ടുകളുടെ അനുബന്ധ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(13/08.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക ₹519214 തടസ്സപ്പെടുത്തുന്നു. ആവശ്യപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 സെക്രട്ടറിയുടെ സാലറി ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതും മറ്റ് അപാകങ്ങളും- ക്വാർട്ടേഴ്സ് വാടക ഇനത്തിൽ അനുവദിച്ച ₹50000 തടസ്സപ്പെടുത്തുന്നു

സ്വന്തമായി ക്വാർട്ടേഴ്സ് ലഭ്യമല്ലാത്ത മുനിസിപ്പാലിറ്റി /കോർപ്പറേഷൻ സെക്രട്ടറിമാർക്ക് വാടക ഇനത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കാൻ ജി.ഒ.(ആർ.ടി) നം.15/2017/തസ്വഭവ/ തീയതി. 10.01.2017 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നഗരസഭ സെക്രട്ടറി താമസിക്കുന്ന ക്വാർട്ടേഴ്സിന്റെ വാടകയായി പ്രതിമാസം ₹10000 വീതം നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്.ക്വാർട്ടേഴ്സ് വാടക അനുവദിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മാസം | വൌച്ചർ നമ്പർ/തീയതി | തുക (₹) |
|---|---|---|---|
| 1 | 03/2022 | 17/12-04-2022 | 10000 |
| 2 | 04/2022 | 91/06-05-2022 | 10000 |
| 3 | 05/2022 | 155/04-06-2022 | 10000 |
| 4 | 06/2022 | 235/04-07-2022 | 10000 |
| 5 | 07/2022 | 315/16-08-2022 | 10000 |
| | | ആകെ | 50000 |

സെക്രട്ടറിക്ക് ക്വാർട്ടേഴ്സ് വാടക അനുവദിക്കുമ്പോൾ ശമ്പളത്തോടൊപ്പം **HRA** അനുവദിക്കാൻ പാടില്ല. കൂടാതെ

അടിസ്ഥാന ശമ്പളത്തിന്റെ **2%** റെന്റ് റിക്കവറി ഇനത്തിൽ ഈടാക്കേണ്ടതുണ്ട് **(**ശമ്പള പരിഷ്കരണ ഉത്തരവ് ജി.ഒ(പി)നം.**27/2021/**ഫിൻ തി**:10.02.2021** ഖണ്ഡിക.**15** കാണുക**).** ശമ്പളത്തോടൊപ്പം എച്ച്.ആർ.എ അനുവദിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് സെക്രട്ടറിയുടെ ശമ്പളബിൽ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(48/19-01-2024)** ശമ്പളബില്ലിന്റെ പകർപ്പ് നഗരസഭയിൽ സമർപ്പിച്ചിട്ടില്ല എന്ന മറുപടി നൽകിയിട്ടുണ്ട്**.** സെക്രട്ടറിയുടെ ശമ്പളബിൽ പരിശോധനയ്ക്കായി രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ക്വാർട്ടേഴ്സ് വാടക ഇനത്തിൽ അനുവദിച്ച **₹50,000** ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു**.** രേഖകൾ ഹാജരാക്കേണ്ടതും അപാകങ്ങൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്**.**

## 1-32 മഴക്കാല പൂർവ ശുചീകരണം- വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല. ചെലവ് തുക 2,00,000 രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| വൗച്ചർ നമ്പർ,തീയതി, തുക | 277/27-07-2022/6,80,000 |

മേൽ സൂചിപ്പിച്ച വൌച്ചർ പ്രകാരം മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾക്കായി **34** വാർഡുകളിലെ സാനിറ്റേഷൻ കമ്മറ്റികൾക്ക് **20,000** രൂപ വീതം താഴെപ്പറയും പ്രകാരം കൈമാറിയിട്ടുണ്ട്.ഓഡിറ്റ് എൻക്വയറി **(40/15-01-2024)** നൽകിയതിന്റെ അടിസ്ഥാനത്തിൽ **24** വാർഡ് സാനിറ്റേഷൻ കമ്മിറ്റികളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്.എന്നാൽ താഴെ കൊടുത്ത സാനിറ്റേഷൻ കമ്മറ്റികളിൽ നിന്നും വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല**.**

| ക്രമനമ്പർ | വാർഡ് നമ്പർ |
|---|---|
| 1 | 6 |
| 2 | 7 |
| 3 | 8 |
| 4 | 11 |
| 5 | 17 |
| 6 | 21 |
| 7 | 22 |
| 8 | 23 |
| 9 | 32 |
| 10 | 33 |

വിനിയോഗ സാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ ചെലവ് തുകയായ **200,000(10x20000)** രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു**.** വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്**.**

## 1-33 ഷീ ലോഡ്ജ് ആവശ്യമായ ഫർണ്ണിച്ചർ സൌകര്യം ഒരുക്കൽ-ഫർണ്ണിച്ചർ ഉപയോഗിക്കാതെ കിടക്കുന്നു-₹677556 ചെലവ് തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 473/23,ഷീ ലോഡ്ജ് ആവശ്യമായ ഫർണ്ണിച്ചർ സൗകര്യം ഒരുക്കൽ |
| അടങ്കൽ | ₹1415320 ,വികസനഫണ്ട് ജനറൽ |
| ചെലവ് തുക | ₹677556 |

| | |
|---|---|
| ബിൽ നമ്പർ& തീയതി | 396/28-03-2023 |

**2022-23** വാർഷിക പദ്ധതിയിലുൾപ്പെടുത്തി തളിപ്പറമ്പ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിന്റെ മുകൾ നിലയിൽ പ്രവർത്തനം ആരംഭിക്കുന്ന ഷീ ലോഡ്ജിലേക്ക് ആവശ്യമായ ഫർണ്ണിച്ചർ വാങ്ങി നൽകുന്നതിന് വേണ്ടി നഗരസഭ താഴെപ്പറയുന്ന സാധനസാമഗ്രികൾ ആർട്കോ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി.

| ക്രമ നമ്പർ | ഇനം | വില | ആകെ വില |
|---|---|---|---|
| 1 | Double Ducker Cot -12 എണ്ണം | 34928 | 419136 |
| 2 | Cupboard - 16 എണ്ണം | 14160 | 226560 |
| 3 | Table – 1 | 31860 | 31860 |
| GST | | | 103356 |
| Limited | | | 677556 |

ഷീ ലോഡ്ജ് പ്രവർത്തനം ആരംഭിച്ചതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(18/09-01-2024)** ഷീ ലോഡ്ജ് പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന വിവരം ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ഫർണിച്ചറുകൾ നഗരസഭയുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ആയത് ഷീ ലോഡ്ജ് പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന നഗരസഭയുടെ ഷോപ്പിംഗ് കോംപ്ലക്സിന്റെ മുകളിലത്തെ നിലയിൽ സൂക്ഷിച്ചിരിക്കുകയുമാണ്. ഷീ ലോഡ്ജ് പ്രവർത്തനം ആരംഭിച്ചതിന്റെ രേഖ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക **677556** തടസപ്പെടുത്തുന്നു. സ്ഥാപനം പ്രവർത്തനം ആരംഭിച്ചതിന്റെ വിവരം ലഭ്യമാക്കി തടസം തീർപ്പാക്കേണ്ടതാണ്.

## 1-34 കോക്ലിയാർ ഇംപ്ലാന്റേഷൻ ഉപകരണ മെയിന്റനൻസിന് സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം കൈമാറൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ₹3,00,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ, പേര് | 186/23,കോക്ലിയാർ ഇംപ്ലാന്റേഷൻ ഉപകരണ മെയിന്റനൻസിന് സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം കൈമാറൽ |
| അടങ്കൽ | ₹4,00,000(വികസന ഫണ്ട്-ജനറൽ) |
| ചെലവ് ₹3,00,000 | ₹2,00,000, 139/21.10.2022<br>₹1,00,000, 246/16.02.2023 |

കോക്ലിയാർ ഇംപ്ലാന്റ് ചെയ്ത കുട്ടികൾക്ക് ഉപകരണം റിപ്പയർ ചെയ്യുന്നതിന് ആവശ്യമായ തുക (ഒരു കുട്ടിക്ക് 50000രൂപ നിരക്കിൽ) കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറുന്നതിനു വേണ്ടി തയ്യാറാക്കിയ പദ്ധതിയാണിത്. പ്രോജക്ട് പ്രകാരം 6 കുട്ടികൾക്ക് വേണ്ടി 3 ലക്ഷം രൂപയാണ് കൈമാറിയിട്ടുള്ളത്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം, കുട്ടികൾക്ക് ആനുകൂല്യം ലഭ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കുന്ന സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(49/19.01.2024) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റേയും മറ്റ് രേഖകളുടേയും അഭാവത്തിൽ കേരള സാമൂഹ്യ സുരക്ഷാമിഷന് അനുവദിച്ച തുകയായ ₹300000 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-35 അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് മരുന്ന് ഉപകരണങ്ങൾ നൽകൽ- രേഖകൾ ലഭ്യമാക്കിയില്ല- ₹248101 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സൂപ്രണ്ട് , താലൂക്ക് ഹോസ്പിറ്റൽ |

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 494/23 |
| പ്രോജക്റ്റിന്റെ പേര് | അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് മരുന്ന് ഉപകരണങ്ങൾ നൽകൽ |
| അടങ്കൽ | ₹250000 മെയിന്റനൻസ് (ഫണ്ട് റോഡിതരം) |
| ചെലവ് | ₹248101 |
| തുക, ബിൽ നം/തീയതി | ₹46933, 313/21.03.2023<br>₹77168, 378/27.03.2023<br>₹124000, 390/28.03.2023 |

അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് മരുന്ന് ,ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ളതാണ് മേൽ പ്രോജക്റ്റ് . പ്രോജക്റ്റുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1.മേൽ പ്രോജക്റ്റിന്റെ ഭാഗമായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 248101 രൂപ കൈമാറിയിട്ടുണ്ട്. ആയത് പ്രകാരം ലഭ്യമായ മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു

| പ്രോഫോർമ ഇൻവോയിസ് നം/ തീയതി,തുക | ഇൻവോയ്സ് നമ്പർ/തീയതി | തുക(₹) | ബാലൻസ് (₹) |
|---|---|---|---|
| PRF 5432/17.03.2023, ₹46933 | 1992/06.05.2023 | 77 | |
| | 2667/09.05.2023 | 147 | |
| | 2757/09.05.2023 | 4917 | |
| | 2987/10.05.2023 | 1957 | |
| | 3003/10.05.2023 | 30 | |
| | 3104/11.05.2023 | 14 | |
| | 6237/26.05.2023 | 1339 | |
| | ആകെ | 8481 | 38452 |
| PRF 5767/25.03.2023, ₹77168 | 1991/06.05.2023 | 3442 | |
| | 2759/09.05.2023 | 1244 | |
| | 3002/10.05.2023 | 118 | |
| | 3107/11.05.2023 | 55 | |
| | 6221/26.05.2023 | 239 | |
| | ആകെ | 5098 | 72070 |
| PRF 5819/27.03.2023, ₹124000 | 2551/08.05.2023 | 3935 | |
| | 2953/10.05.2023 | 9784 | |
| | 3109/11.05.2023 | 69 | |
| | 6198/26.05.2023 | 5470 | |
| | ആകെ | 19258 | 104742 |

ആകെ 215264 രൂപയുടെ മരുന്നുകൾ ലഭിക്കാനുണ്ട്. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (31/11.01.2024) പ്രോർഫോർമ ഇൻവോയിസ് PRF 5432 പ്രകാരം 17743 രൂപയുടെ മരുന്നും PRF 5767 പ്രകാരം 51317 രൂപയുടെ മരുന്നും PRF 5819 പ്രകാരം 79097 രൂപയുടെ മരുന്നും ലഭ്യമായിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ടാക്സ് ഇൻവോയിസ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല.

2. രോഗികൾക്ക് മരുന്നുകൾ/ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ട രോഗികൾക്ക് മരുന്ന്/ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി ₹248101 ചെലവഴിച്ചിട്ടുണ്ടെങ്കിലും ഇവ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 248101 തടസ്സപ്പെടുത്തുന്നു.

## 1-36 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ആർജിത അവധി വേതനം അനുവദിച്ചതിലെ അപാകങ്ങൾ. 12018 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാർക്ക് KSR അനുബന്ധം എട്ടിൽ നിർദ്ദേശിച്ചവിധം പതിനഞ്ച് ദിവസത്തെ ആർജ്ജിത അവധി വേതനം മാത്രമാണ് അനുവദനീയം. എന്നാൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലെ ജീവനക്കാർക്ക് 20 ദിവസത്തെ അവധി ശമ്പളം അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ജീവനക്കാരന്റെ പേര്, തസ്തിക, അടിസ്ഥാന ശമ്പളം | വൌച്ചർ നമ്പർ,തീയതി | സറണ്ടർ ചെയ്ത ദിനങ്ങൾ | കൈപ്പറ്റിയ വേതനം | 15 ദിവസത്തെ വേതനം | അധികം കൈപ്പറ്റിയത് |
|---|---|---|---|---|---|
| ടിറ്റോ ജോൺ ഓവർസീയർ 24040 | 1035/ 24-03-2023 (32052) | 20 | 16026 | 12020 | 4006 |
| ഡയാന തോമസ് ഡാറ്റാ എൻട്രി ഓപ്പറേറ്റർ 24040 | 1108/ 31-03-2023 (32052) | 20 | ₹16026 | 12020 | 4006 |
| ടിറ്റോ ജോൺ ഓവർസീയർ 24040 | 1108/ 31-03-2023 (32052) | 20 | ₹16026 | 12020 | 4006 |
| ആകെ | | | | | 12018 |

12018 രൂപ അധികം നൽകിയതിന് കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (54/**22-01-2024**) 12-07-2004 ലെ ജിഒ(പി) നമ്പർ 324/2004 ഫിൻ പ്രകാരമാണ് നൽകിയതെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഈ ഉത്തരവ് പ്രകാരം കണക്കിൽ 20 ആർജിതാവധി നീക്കിയിരിപ്പുണ്ടെങ്കിൽ മാത്രമേ 20 ആർജിതാവധി സറണ്ടർ ചെയ്യാൻ പാടുള്ളൂ. ഒരു വർഷത്തേക്കോ അതിൽ കുറഞ്ഞ കാലയളവിലേക്കോ നിയമിക്കപ്പെട്ടവർക്ക് പരമാവധി 15 ആർജിതാവധി മാത്രമേ അർഹതയുള്ളൂ. ആയതിനാലും 20 ആർജിതാവധി ക്രെഡിറ്റിലുണ്ടെന്നുള്ള രേഖകൾ ഹാജരാക്കാത്തതിനാലും ഓരോ സാമ്പത്തിക വർഷവും അധികം അനുവദിച്ച 5 ആർജിതാവധി പണമാക്കിയ ഇനത്തിൽ ചെലവഴിച്ച 12018 രൂപ നിരാകരിക്കുന്നു. സർക്കാർ നിർദേശത്തിന് വിരുദ്ധമായി ആർജിതാവധി സറണ്ടർ ചെയ്ത് നൽകിയ 12018 രൂപ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. (ഭാഗം 3-1 കാണുക)

## 1-37 മരുന്ന് ലഭ്യമായില്ല- 399888 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ |
| പ്രോജക്റ്റ് നമ്പർ | 21/23 |
| പ്രോജക്റ്റിന്റെ പേര് | പെയിൻ പാലിയേറ്റീവ് കെയർ |
| അടങ്കൽ ₹962000 | ₹950000 വികസന ഫണ്ട് പൊതുവിഭാഗം ₹12000, തനത് ഫണ്ട് |

| | |
|---|---|
| ചെലവ് | ₹930255 വികസന ഫണ്ട് പൊതുവിഭാഗം |
| ₹942255 | ₹12000, തനത് ഫണ്ട് |

മേൽ പ്രോജക്ടിന്റെ ഭാഗമായി മരുന്ന് ലഭ്യമാക്കുന്നതിനായി വികസനഫണ്ടിൽ നിന്നും 399888 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. പ്രൊഫോർമ ഇൻവോയിസ് വിവരം ചുവടെ ചേർക്കുന്നു.

| പ്രൊഫോർമ ഇൻവോയിസ് നം/ തീയതി,തുക | ലഭിച്ച മരുന്നുകൾ | ബാലൻസ് |
|---|---|---|
| PRF 5449/18.03.2023, ₹76961 | - | ₹76961 |
| PRF 5565/22.03.2023, ₹115805 | - | ₹115805 |
| PRF 2024/07.11.2022, ₹207122 | - | ₹207122 |
| ആകെ | | 399888 |

ആകെ 399888 രൂപയുടെ മരുന്നുകൾ ലഭിക്കാനുണ്ട്. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(31/11.01.2023) മറുപടിയായി പ്രോഫോർമ ഇൻവോയിസ് PRF 5449 പ്രകാരം 53264 രൂപയുടെ മരുന്നും പ്രോഫോർമ ഇൻവോയിസ് PRF 5565 പ്രകാരം 34602 രൂപയുടെ മരുന്നും PRF 2024 പ്രകാരം 180542 രൂപയുടെ മരുന്നും ലഭ്യമായിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും മരുന്നുകളുടെ ഇൻവോയിസ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയ 399888 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകളുടെ ടാക്സ് ഇൻവോയിസ്. സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-38 സ്മാർട്ട് ഐ-ഫേസ് 1-വിനിയോഗവിവരം ലഭ്യമാക്കിയില്ല- ₹50000 തടസ്സപെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ, തളിപ്പറമ്പ് നഗരസഭ. |
| പ്രോജക്ടിന്റെ നമ്പരും പേരും | 485/23, സ്മാർട്ട് ഐ-ഫേസ് 1 |
| അടങ്കൽ | ₹50000 വികസന ഫണ്ട് പൊതു വിഭാഗം |
| ചെലവ്-ബിൽ നമ്പർ & തീയ്യതി | ₹50000-269/10.03.2023 |

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യം കൂടുതലായി നിക്ഷേപിക്കുന്ന സ്ഥലങ്ങളിൽ സി സി ടി വി ക്യാമറ സ്ഥാപിച്ച് മാലിന്യം നിക്ഷേപം നിയന്ത്രിക്കുന്നതിനും കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിലേക്കുമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഇത്. 2022-23 വർഷം പദ്ധതിക്കായി 50000/- രൂപ ജില്ലാപഞ്ചായത്തിന് നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിവരം, തുകയുടെ വിനിയോഗവിവരം, പ്രവൃത്തി മോണിറ്റർ ചെയ്തതിന്റെ റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(6/08.01.2024) മറുപടിയായി എഗ്രിമെന്റ് നടപടികൾ പൂർത്തീകരിച്ച് ഉടൻ തന്നെ പ്രവൃത്തി തുടങ്ങുന്നതാണെന്ന് ജില്ലാപഞ്ചായത്ത് അറിയിച്ചിട്ടുണ്ടെന്നും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറക്ക് ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ജില്ലാപഞ്ചായത്തിന് നൽകിയ 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-39 പാളയാട് ട്രീറ്റ്മെന്റ് പ്ലാന്റിലേക്ക് കെമിക്കൽ വാങ്ങൽ പ്രോജക്ട്- സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ, തളിപ്പറമ്പ നഗരസഭ. |
| പ്രോജക്ട് നം. | 179/23 |
| പ്രോജക്ടിന്റെ പേര് | പാളയാട് ട്രീറ്റ്മെന്റ് പ്ലാന്റിലേക്ക് കെമിക്കൽ വാങ്ങൽ |
| അടങ്കൽ | ₹ 500000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹ 498518(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നം/തീയ്യതി/തുക | 303/18.03.2023 |

പദ്ധതിയുടെ ഭാഗമായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് 498518 രൂപ ചെലവഴിച്ച് 35 Kg Poly Electrolyte,2300 Litre Sodium Hypocloride,3000Kg Hydrated Lime Powder,3000Kg Poly Aluminium Chloride എന്നീ കെമിക്കലുകൾ (02.2.2023-ലെ Invoice.No.CLTBC.22-23/114 പ്രകാരം) വാങ്ങിയിട്ടുണ്ട്. ഇവ

മൊത്തമായി ഹെൽത്ത് ഇൻസ്പെക്ടർക്ക് നൽകിയതായാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഓരോ കെമിക്കലിന്റെയും മുന്നിരിപ്പ്, ഈ വർഷം ചെലവായത്, ബാക്കിയുള്ളത് എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ലഭ്യമല്ല . സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-40 റിംഗ് കമ്പോസ്റ്റ് വാങ്ങൽ - ജി എസ് ടി -ടി ഡി എസ് കുറവ് ചെയ്തിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ, തളിപ്പറമ്പ നഗരസഭ. |
| പ്രോജക്ട് നം. | 51/23 |
| പ്രോജക്ടിന്റെ പേര് | റിംഗ് കമ്പോസ്റ്റ്(സ്പിൽ ഓവർ) |
| അടങ്കൽ ₹ 7396700. | ₹ 3084424(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹ 2588845(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>₹ 1723431(സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| ചെലവ് ₹7392120 | ₹ 3082515(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹ 2587241(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>₹ 1722364(സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| തുക, ബിൽനം/ വൗച്ചർ നം, തീയതി | ₹1957607, 112/13.10.2022<br>₹2736893, 513/18.10.2023<br>₹1124908, 227/08.02.2023<br>₹1572712, 898/15.02.2023 |

പദ്ധതിയുടെ ഭാഗമായി 2022-23 വർഷം GUNA SREE VERMI COMPOST AND SOLID WASTE MANAGEMENT KOZIKODE എന്ന സ്ഥാപനത്തിൽ നിന്നും യൂണിറ്റിന് 2290 രൂപ നിരക്കിൽ 7392120 രൂപ ചെലവഴിച്ച് 3228 എണ്ണം റിംഗ് കംപോസ്റ്റുകൾ വാങ്ങിയിട്ടുണ്ട്. സി.ജി.എസ്.ടി ആക്ട് **2017,** എസ്.ജി.എസ്.ടി ആക്ട് **2017** എന്നിവയിലെ വകുപ്പ് **51(1)** പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ( GST ഒഴികെയുള്ള തുക 6600107 രൂപ)2% ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കാതെ 2ശതമാനം ഐ.ടി മാത്രം ഈടാക്കി(132002 രൂപ) തുക അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(4/08.01.2024) മറുപടിയായി 2% ടി.ഡി.എസ് ഈടാക്കിയതിന് ശേഷം വിശദാംശങ്ങൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-41 തളിപ്പറമ്പ് താലൂക്ക് ആശുപത്രിയിലെ ബയോമെഡിക്കൽ മാലിന്യസംസ്കരണം - ടെണ്ടർ നടപടിക്രമം പാലിച്ചില്ല- 57297 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സൂപ്രണ്ട് ,താലൂക്ക് ഹോസ്പിറ്റൽ |
| പ്രോജക്ട് നമ്പർ | 188/23 |
| പ്രോജക്ടിന്റെ പേര് | തളിപ്പറമ്പ് താലൂക്ക് ആശുപത്രിയിലെ ബയോമെഡിക്കൽ മാലിന്യസംസ്കരണം - ഇമേജ് വഴി |
| അടങ്കൽ | ₹250000 വികസനഫണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹249694 |
| തുക, ബിൽ നം/തീയതി | ₹71956, 123/15.10.2022<br>₹47710, 203/13.01.2023<br>₹24246, 234/13.02.2023<br>₹21900, 260/03.03.2023 |

| | |
|---|---|
| | ₹3113, 317/21.03.2023<br>₹34574, 197/06.01.2023<br>₹22731, 198/06.01.2023<br>₹23464,176/21.12.2022 |

തളിപ്പറമ്പ് താലൂക്ക് ആശുപത്രിയിലെ ബയോമെഡിക്കൽ മാലിന്യസംസ്കരണത്തിനായുള്ളതാണ് മേൽ പ്രോജക്ട്. പ്രോജക്ടിന്റെ ഭാഗമായി ഡോക്ടേർസ് കോ-ഓപ്പറേറ്റീവ് ഹോൾസെയിൽ മെഡിക്കൽ സ്റ്റോർ, തലശ്ശേരിയിൽ നിന്നും ഇമേജ് ബാഗുകളും കണ്ടൈനറുകളും വാങ്ങിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം/ തീയതി | തുക(₹) |
|---|---|
| 1003/27.10.2022 | 27250 |
| 1033/31.10.2022 | 7316 |
| 1230/24.12.2022 | 22731 |
| ആകെ | 57297 |

2010 ലെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള പ്രൊക്യൂർമെന്റ് മാന്വൽ, ജി ഒ(പി) നമ്പർ 259/2010/തസ്വഭവ, തീയതി 08.11.2010 ഖണ്ഡിക 3.2 പ്രകാരം, 5000 രൂപയ്ക്ക് മുകളിൽ 50000 രൂപ വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷനും, 50000 രൂപയ്ക്ക് മുകളിൽ 100000 രൂപ വരെയുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്. മേൽ വാങ്ങലുകൾക്കായി ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(32/11.01.2024) മറുപടിയായി Biowaste Bags, Puncture Proof Containers എന്നിവ വിതരണം ചെയ്യുന്നതിന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ അംഗീകാരമുള്ള സ്ഥാപനം ഡോക്ടേർസ് കോ-ഓപ്പറേറ്റീവ് ഹോൾസെയിൽ മെഡിക്കൽ സ്റ്റോർ, തലശ്ശേരി മാത്രമാണെന്ന് ടി സ്ഥാപനം അറിയിച്ചതിനാലാണ് ഇപ്രകാരം നേരിട്ട് വാങ്ങിയതെന്ന് അറിയിച്ചിട്ടുണ്ട് എന്നാൽ ടി സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ/ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങുന്നതിനുള്ള സർക്കാർ അനുമതി സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വാങ്ങലുകൾക്കായി ചെലവഴിച്ച 57297 രൂപ തടസ്സപ്പെടുത്തുന്നു. ക്വട്ടേഷൻ/ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങുന്നതിനുള്ള സർക്കാർ അനുമതി സംബന്ധിച്ച രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-42 പേപ്പർബാഗ് നിർമ്മാണയൂണിറ്റ് പ്രവർത്തനമാരംഭിച്ചിട്ടില്ല- ചെലവ് തുകയായ ₹3,00,000 നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ |
| പ്രോജക്ടിന്റെ പേര് | 363/23, പേപ്പർബാഗ് നിർമ്മാണം |
| അടങ്കൽ | ₹3,00,000 വികസന ഫണ്ട് പൊതു വിഭാഗം |
| ചെലവ് തുക | ₹3,00,000 |
| വൗച്ചർ നമ്പർ/ തീയതി | 336/24.03.2023 |

പേപ്പർബാഗ് നിർമ്മാണത്തിലൂടെ പ്ലാസ്റ്റിക് ബേഗിന്റെ ഉപയോഗം ഒഴിവാക്കുക , സംരംഭകരുടെ വരുമാനം വർദ്ധിപ്പിക്കുക, ജീവിതനിലവാരം ഉയർത്തുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതാണ് മേൽ പദ്ധതി. പദ്ധതിയുമായി ബന്ധപ്പെട്ട ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1) പേപ്പർബാഗ് നിർമ്മാണയൂണിറ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ നമ്പർ, വാർഡ് നമ്പർ , കെട്ടിടത്തിന്റെ ഉടമസ്ഥത

എന്നിവ വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല

2) തൊഴിൽ സംരംഭത്തിന്റെ നടത്തിപ്പ് ചുമതല ആർക്കാണ് അനുവദിച്ചിട്ടുള്ളതെന്നും,ആയതിൽ പങ്കാളികളായ ഗുണഭോക്താക്കളുടെ പേരും അവർ ഇത്തരത്തിലുള്ള ആനുകൂല്യത്തിന് അർഹതയുള്ളവരാണെന്ന് വ്യക്തമാക്കുന്ന രേഖകളും ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയിലെ ഏത് മാനദണ്ഡം അനുസരിച്ചാണ് വികസനഫണ്ടുപയോഗപ്പെടുത്തി പ്രസ്തുത ചെലവ് നടത്തിയതെന്ന് വ്യക്തമല്ല.

3)പദ്ധതിയുടെ ഭാഗമായി 300000 രൂപയുടെ ഉല്പന്നങ്ങളും മെഷിനറികളും വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ടെണ്ടർ ലഭിച്ച അർജ്ജുൻ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന് ചെലവ് തുകയായ ₹300000 അനുവദിച്ചിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ചതിന്റെ ടെണ്ടർ നോട്ടീസ്, സപ്ലൈ ഓർഡർ, ലഭ്യമായ ഉല്പന്നങ്ങളുടേയും മെഷിനറികളുടേയും വിവരം, ഉല്പന്നങ്ങളും മെഷിനറികളും സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. (സാധനങ്ങൾ വിതരണം ചെയ്തിട്ടുള്ള അർജ്ജുൻ അസോസിയേറ്റ്സിന്റെ 23.03.2023 തീയതിയിലെ CM36 നമ്പർ ഇൻവോയിസിൽ വിതരണം ചെയ്ത സാധനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല)

4) സ്ഥാപനം പ്രവർത്തനം ആരംഭിച്ച തിയ്യതി , സ്ഥാപനത്തിന്റെ പേര് , സംരംഭത്തിന്റെ ഇതേവരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിവരം, സംരംഭത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ, യൂണിറ്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട അംഗീകരിച്ച ബൈലോ, യൂനിറ്റിന്റെ പ്രവർത്തന റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (23/09.01.2024) നഗരസഭാ സെക്രട്ടറിയുടെ ഉടമസ്ഥതയിലുള്ള കുണ്ടംകുഴി സാംസ്കാരിക നിലയത്തിലാണ് (വാർഡ് 8, കെട്ടിടനമ്പർ495) സ്ഥാപനം തുടങ്ങാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും കുടുംബശ്രീ മുഖേനയുള്ള പേപ്പർ ബാഗ് നിർമ്മാണത്തിലുള്ള തൊഴിൽപരിശീലനം ലഭിച്ച 3 പേരെ സംരംഭത്തിലേക്ക് തെരഞ്ഞെടുത്തിട്ടുണ്ടെന്നും സംരംഭം നാളിതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. 3 ലക്ഷം രൂപയുടെ സാധനസാമഗ്രികൾ വാങ്ങിയത് സ്റ്റോക്കിലെടുത്തതിന്റെ രേഖകളോ, അവ സൂക്ഷിച്ചിരിക്കുന്നത് എവിടെയാണെന്നതിന്റെ വിവരങ്ങളോ ലഭ്യമല്ല. മാത്രമല്ല വിഭാവനം ചെയ്ത യൂണിറ്റ് നാളിതുവരെ പ്രവർത്തനമാരംഭിച്ചിട്ടുമില്ല. തീരെ ആസൂത്രണമില്ലാതെ ചെലവഴിച്ച തുക തികച്ചും പാഴ് ചെലവ് ആണ്. തുക അനുവദിച്ചതിനുശേഷം യൂണിറ്റ് ആരംഭിച്ച എന്ന് ഉറപ്പുവരുത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ യാതൊരു നടപടികളും സ്വീകരിച്ചിട്ടുമില്ല. ആയതിനാൽ ചെലവ് തുകയായ ₹300000 ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. (ഖണ്ഡിക 3-3 കൂടി കാണുക)

## 1-43 മുറ്റത്തൊരു മീൻതോട്ടംപ്രോജക്ട് - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| പ്രോജക്ട് നമ്പർ | 195/23 |
| പ്രോജക്ടിന്റെ പേര് | മുറ്റത്തൊരു മീൻതോട്ടം |
| വകയിരുത്തിയ തുക | ₹16000 (വികസനഫണ്ട് പൊതു വിഭാഗം) |
| ചെലവു തുക | ₹16000, 302/18.03.2023 |

20 ച.മീറ്റർ സ്ഥലത്ത് (അരസെന്റ് കുളം സ്ഥലം) മത്സ്യകുഞ്ഞുങ്ങളെ വളർത്തുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്. യൂണിറ്റ് കോസ്റ്റ് ₹20000 യാണ് നിശ്ചയിച്ചിട്ടുള്ളത്. (കുളം കുഴിക്കുന്നതിന് ₹4000 യും, പൊളിത്തീൻ ഷീറ്റ്, അനുബന്ധ സാമഗ്രികൾ, പമ്പുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്ക് ₹16000 യും) ഇതിൽ 40% തുകയായ 8000 രൂപ തദ്ദേശ ഭരണ സ്ഥാപനം സബ്സിഡിയായി അനുവദിക്കുന്നു. ഫിഷറീസ് വകുപ്പിൽ നിന്നും ഈ പദ്ധതിക്കായി സൗജന്യമായി ലഭ്യമാക്കുന്ന മീൻകുഞ്ഞുങ്ങളെ യഥാവിധി നിക്ഷേപിച്ച് പരിപാലിച്ച് വളർത്തി വിളവെടുത്ത് ലഭിക്കുന്ന പോഷക സമ്പുഷ്ടമായതും വിഷരഹിതവുമായ മത്സ്യം ഭക്ഷ്യാവശ്യത്തിന് ഉപയുക്തമാക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയിൽ തൻവർഷം മുരളീധരൻ പിള്ള, എൻ കെ സുധാകരൻ എന്നീ രണ്ട് ഗുണഭോക്താക്കൾക്ക് സബ്സിഡിയായി ₹8000 വീതം ആകെ ₹16000 വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങളും ആവശ്യമായ രേഖകളുടെ വിവരങ്ങളും ചുവടെ കൊടുക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി.28.05.22 ഖണ്ഡിക 6.4 (11-1) പ്രകാരം കുളം

നിർമ്മിക്കേണ്ട രീതി പരാമർശിച്ചിട്ടുണ്ട്. ടി സ്പെസിഫിക്കേഷൻ പ്രകാരമാണ് മേൽ ഗുണഭോക്താക്കൾ കുളം നിർമ്മിച്ചതെന്നത് സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2. സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി.28.05.22 ഖണ്ഡിക 6.4 (13 A-4) പ്രകാരം കുളം നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തണമെന്നും തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളുടെ യൂണിറ്റ് തുക അതത് യൂണിറ്റിൽ കുറവ് വരുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സാധ്യത പ്രയോജനപ്പെടുത്തിയതായി കാണുന്നില്ല. ധനസഹായം ലഭിച്ച 2 ഗുണഭോക്താക്കൾക്കും കുളം നിർമ്മാണത്തിന് അർഹമായ മുഴുവൻ തുകയും ധനസഹായം ആയി അനുവദിച്ചിട്ടുണ്ട്. കുളം നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്താത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

3. സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി. 28.05.22 ഖണ്ഡിക 6.4 (13 A-7) പ്രകാരം മത്സ്യ കൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

**4. ഗുണഭോക്താക്കൾ മേൽ പ്രോജക്ടിന് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങിയിട്ടുണ്ടെങ്കിലും മത്സ്യകുഞ്ഞുങ്ങളെ ലഭ്യമായിട്ടുള്ളത് സംബന്ധിച്ച വിവരങ്ങളോ രേഖകളോ ഫയലിൽ ലഭ്യമല്ല.**

**5.സംരംഭത്തിന്റെ പൂർത്തീകരണവിവരം, പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.**

**ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 51/20.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.**

## 1-44 ഗവ.താലൂക്ക് ഹെഡ് ക്വാർട്ടേർസ് ആശുപത്രി തളിപ്പറമ്പ -ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവു ചെലവ് കണക്കുകൾ ഹാജരാക്കേണ്ടതാണ്.

2013 ലെ മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ മുനിസിപ്പാലിറ്റിയുടെ ഫണ്ടിന്റെ കാര്യത്തിലെന്നപോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെയും സംബന്ധിച്ച ആശുപത്രി വികസനഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നുകണ്ടാൽ അതിനിടയ്ക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്നും ഓഡിറ്റ് റിപ്പോർട്ട് മെമ്പർ സെക്രട്ടറിക്കും കൗൺസിലിനും നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് 4 മാസത്തിനകം അതത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാഫാറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട് (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 1996 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം). ലഭ്യമായ രേഖകൾ പ്രകാരം ഗവ: താലൂക്ക് ഹെഡ് ക്വാർട്ടേർസ് ആശുപത്രി തളിപ്പറമ്പ , ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ 2014-15 വർഷം വരെയുള്ള വാർഷികകണക്കുകൾ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ 2020-21,2021-22,2022-23 വർഷത്തെ വാർഷികകണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയെങ്കിലും ആയത് നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കാത്തതിനാൽ പുന:സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. 2015-16 വർഷം മുതൽ 2022-23 വരെയുള്ള കാലയളവിലെ വാർഷികകണക്കുകൾ ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ 18-1-2006 ലെ 42774/എം. 3/05/ആ.കു.വ. നമ്പർ കത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള മാതൃകയിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-45 പി എം എ വൈ- പദ്ധതി അവലോകനം

1.2022-23 വർഷം നടപ്പാക്കിയ പി.എം.എ.വൈ പ്രോജക്ടിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

A)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യനിർമ്മാർജ്ജന സെൽ |
| പ്രോജക്ട് നമ്പർ | 18/23 |
| പ്രോജക്ടിന്റെ പേര് | പി.എം.എ.വൈ ലൈഫ് ഭവനപദ്ധതി |
| അടങ്കൽ | ₹12200738 വികസനഫണ്ട് പൊതുവിഭാഗം |
| ചെലവ് തുക | ₹12155000 |

B)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യനിർമ്മാർജ്ജന സെൽ |
| പ്രോജക്റ്റ് നമ്പർ | 385/23 |
| പ്രോജക്റ്റിന്റെ പേര് | പി.എം.എ.വൈ ലൈഫ് പട്ടികജാതി |
| അടങ്കൽ | ₹1000000 വികസനഫണ്ട് SCP |
| ചെലവ് തുക | ₹1000000 |

2. പി എം എ വൈ ഭവന നിർമ്മാണത്തിനായി 2022-23 വർഷം ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| കേന്ദ്രവിഹിതം | സംസ്ഥാന വിഹിതം | നഗരസഭാ വിഹിതം (പ്രോജക്റ്റ് വഴി) |
|---|---|---|
| 6945000 | 2315000 | 13155000 |

## 1-45-1 ഭവനനിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല

പി എം.എ വൈ ഗുണഭോക്തൃരജിസ്റ്റർ പ്രകാരം നഗരസഭയിൽ നടപ്പിലാക്കിയിട്ടുള്ള പി എം.എ വൈ ഭവനപദ്ധതിയിൽ മുഴുവൻ തുകയും കൈപ്പറ്റാത്ത ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ഘട്ടം/ആകെ ഗുണഭോക്താക്കൾ | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച ഗഡുക്കൾ(തുക/തീയതി) | | |
|---|---|---|---|---|
| | | ഒന്നാം ഗഡു | രണ്ടാം ഗഡു | മൂന്നാം ഗഡു |
| DPR 1/ 161 | ഇ കല്ല്യാണി | 30000/ 02.06.2017 | 120000/ 07.08.2017 | 120000/ 16.11.2017 |
| | ശാന്ത വിവി | 30000/ 16.06.2017 | | |
| | രാജീവൻ പി | 30000/ 28.06.2017 | 120000/21.08.2017 | 120000/13.03.2018 |
| | ജയശ്രീ കെ | 30000/ 12.10.2017 | | |
| | സറീന കെ | 25000/ 05/07/2018 | 100000/ 13.11.2018 | |
| | തൈക്കണ്ടി ദേവകി | 25000/ 13.08.2018 | 100000/ 18.03.2019 | |
| | രമേശൻ എ വി | 25000/ 13.08.2018 | 100000/ 13.11.2018 | 100000/ 24.06.2019 |
| | ജയരാജൻ പി വി | 25000/ 13.08.2018 | | |
| DPR 2,3 / 76 | സുരേന്ദ്രൻ എം കെ | 40000/ 05.01.2021 | 160000/05.01.2021 | 100000/17.08.2021 |
| DPR 4/ 67 | അബ്ദുള്ള സി | 40000/ 06.05.2019 | 80000/02.09.2022 | 80000/26.09.2022 |
| | വൽസല വി വി | 40000/ 06.05.2019 | 160000/ 17.08.2021 | |
| | നൗഷാദ് കെ | 40000/ 06.05.2019 | 160000/ 20.01.2020 | |
| | അബ്ദുറഹിമാൻ പി പി | 40000/ 06.05.2019 | 160000/ 06.09.2019 | 100000/ 20.03.2021 |
| | രാജൻ എം വി | 40000/26.06.2019 | | |

രജിസ്റ്റർ പ്രകാരം DPR 5ലെ 97 ഗുണഭോക്താക്കളിൽ 13 ഗുണഭോക്താക്കളും, DPR 6 ലെ 49 ഗുണഭോക്താക്കളിൽ 27 ഗുണഭോക്താക്കളും DPR 7ലെ 4 ഗുണഭോക്താക്കളിൽ 4 ഗുണഭോക്താക്കളും DPR 8ലെ 27 ഗുണഭോക്താക്കളിൽ എല്ലാ

ഗുണഭോക്താക്കളും മുഴുവൻ തുക കൈപ്പറ്റിയിട്ടില്ല. മേൽ ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും അനുവദിക്കാതിരുന്നതിന്റെ കാരണം, ഭവനനിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(24/09.01.2024) DPR1 ലെ ഗുണഭോക്താവായ ജയശ്രീ കെ എന്നവർ കൈപ്പറ്റിയ തുകയായ 30000/- രൂപ തിരിച്ചടച്ച് പദ്ധതിയിൽ നിന്ന് ഒഴിവായിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ടി വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയത് രേഖപ്പെടുത്തേണ്ടതാണ്. DPR1 ലെ ഗുണഭോക്താക്കളായ ഇ കല്യാണി, ശാന്ത വി വി, രാജീവൻ പി, സറീന കെ, തൈക്കണ്ടി ദേവകി, ജയരാജൻ പി വി എന്നവർക്ക് കൈപ്പറ്റിയ തുക തിരിച്ചടക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ടെന്നും രമേശൻ എ വി എന്നവർക്ക് പണി പൂർത്തിയാക്കി അറിയിക്കുന്നത് നോട്ടീസ് നൽകിയിട്ടുണ്ടെന്നും DPR2 ലെ ഗുണഭോക്താവായ സുരേന്ദ്രൻ എം കെ എന്നവർക്ക് ഭൂമി സംബന്ധമായി കേസ് നടക്കുന്നതിനാൽ പണി പൂർത്തീകരിച്ച് നമ്പറിംഗിനായി അപേക്ഷ സമർപ്പിക്കാൻ സാധിച്ചില്ലെന്നും അറിയിച്ചിട്ടുണ്ട്. ഭവനപുരോഗതി സംബന്ധിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്. ഭവന നിർമ്മാണം നടത്താത്ത സംഗതിയിൽ നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-46 വീടുകളിൽ കോവൽ തൈ നൽകൽ-അന്തിമ ഗുണഭോക്താക്കളുടെ കൈപ്പറ്റ് വിവരം ലഭ്യമാക്കാത്തതിനാൽ ചെലവ് ₹240000 തടസപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 474/23,വീടുകളിൽ കോവൽ തൈ നൽകൽ |
| അടങ്കൽ | ₹240000 (വികസനഫണ്ട് പൊതു വിഭാഗം) |
| ബിൽ നമ്പർ& തീയ്യതി | 273/ 10-03-2023/ ₹240000 |

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി 12000 കോവൽ തൈകൾ കാർഷിക കർമ്മസേന പരിയാരത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. വാർഡ് കൗൺസിലർമാർക്ക് വിതരണം ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് ഏത് രീതിയിലാണ് തൈകൾ വിതരണം ചെയ്തത് എന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച യാതൊരു നിർദ്ദേശവും പ്രോജക്ടിലോ പ്രോജക്ട് ഫയലിലോ ഉൾപ്പെടുത്തിയിട്ടില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ **(38/15-01-2024)** വാർഡ് കൌൺസിലർ മുഖേന ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അന്തിമ ഗുണഭോക്താക്കളുടെ കൈപ്പറ്റ് വിവരം ലഭ്യമാക്കാത്തതിനാൽ ചെലവ് **₹240000** തടസപ്പെടുത്തുന്നു. ഗുണഭോക്താക്കളുടെ കൈപ്പറ്റ് വിവരം ലഭ്യമാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 1-47 പച്ചക്കറി വികസനപദ്ധതി-ഗുണഭോക്താക്കളുടെ കൈപ്പറ്റ് വിവരം ലഭ്യമാക്കാത്തതിനാൽ ചെലവ് ₹118000 തടസപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 333/23, പച്ചക്കറി വികസനപദ്ധതി |
| അടങ്കൽ | ₹118000(വികസനഫണ്ട് പൊതു വിഭാഗം) |
| ബിൽ നമ്പർ& തീയതി | 225/ 08-02-2023/ ₹118000 |

**1.**പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി **11800**പച്ചക്കറി വിത്തുകൾ **(**വെണ്ടയ്ക്ക, കക്കിരി, ചീര,പയർ,മുളക്**) Vegetable And Fruit Promotion Council Kerala(**ഇൻവോയ്സ് നമ്പർ **KNR2223/S1364 Dtd 13-01-2023)** നിന്നും വാങ്ങിയിട്ടുണ്ട്. അഞ്ചിനങ്ങളിലും പെട്ട **340** തൈകൾ വീതം **34** വാർഡ് കൗൺസിലർമാർക്ക് വിതരണം ചെയ്തതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് ഏത് രീതിയിലാണ് തൈകൾ വിതരണം ചെയ്തത് എന്ന് വ്യക്തമല്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ **(41/15-01-2024)** വാർഡ് കൌൺസിലർ മുഖേന ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അന്തിമ ഗുണഭോക്താക്കളുടെ കൈപ്പറ്റ് വിവരം ലഭ്യമാക്കാത്തതിനാൽ ചെലവ് **₹118000** തടസപ്പെടുത്തുന്നു. ഗുണഭോക്താക്കളുടെ കൈപ്പറ്റ് വിവരം ലഭ്യമാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 1-48 മുൻകൂർ ക്രമീകരിക്കാത്തവരിൽ നിന്നും സർക്കാർ ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

നഗരസഭയിലെ മുൻ വർഷങ്ങളിൽ മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല. ഓരോ സാമ്പത്തിക വർഷാവസാനത്തേയും നീക്കിയിരിപ്പിന്റെ വിശദ വിവരം ചുവടെചേർക്കുന്നു.

| ഇനം | വർഷം | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | 2019-20 | | | |
| Vehicle Loan To Employees | 10500 | 10,500 | 10,500 | 10,500. |

04.10.2011ലെ ജി.ഒ(പി)419/2011/ധന പ്രകാരം മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിക്കാത്തവരിൽ നിന്നും മുഴുവൻ അഡ്വാൻസ് തുകയും 18% നിരക്കിൽ പലിശ സഹിതം ഒറ്റത്തവണയായി ഈടാക്കേണ്ടതാണ്. മുൻകൂറുകൾ നൽകുമ്പോൾ മേൽ സർക്കാർ ഉത്തരവിലെ അഡ്വാൻസിന്റെ കാലാവധിയായ മൂന്ന് മാസ പരിധി കർശനമായി പാലിക്കേണ്ടതും, മൂന്നുമാസ കാലാവധി കഴിയുന്ന മുറയ്ക്ക് ക്രമീകരിക്കാത്തവരിൽ നിന്നും മുഴുവൻ അഡ്വാൻസ് തുകയും 18% നിരക്കിൽ പലിശ സഹിതം ഒറ്റത്തവണയായി ഈടാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (44/16-01-2024) ക്രമവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായി മറുപടി ലഭ്യമാക്കി. മുൻകൂർ വാങ്ങിയ തുകയുടെ ചെലവ് രേഖകൾ ഹാജരാക്കി തുക ക്രമീകരിക്കേണ്ടതും ക്രമീകരിക്കാത്ത മുൻകൂർ 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതുമാണ്.

മുൻകൂർ അനുവദിച്ചത് സംബന്ധിച്ച രജിസ്റ്ററും മുൻകൂർ ക്രമീകരിക്കാത്തവരിൽനിന്നും മേൽ ഉത്തരവ് പ്രകാരം നടപടി സ്വീകരിച്ചതിന്റെ വിവരവും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-49 തനത് ഫണ്ട് -ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല- ₹464937 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

**2022-23** സാമ്പത്തിക വർഷത്തെ ചെലവുകളിൽ, താഴെ പട്ടികയിലെ വൗച്ചറുകൾ അനുസരിച്ച് തനത് ഫണ്ട് ചെലവഴിച്ചതിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി **(47/18-01-2024)** നൽകിയതിന്റെ അടിസ്ഥാനത്തിൽ ചില രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ താഴെ കൊടുത്ത ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | വൗച്ചർ നം/ തിയ്യതി | തുക(₹) | തുക കൈപ്പറ്റിയ വ്യക്തി /സ്ഥാപനം | തുക നൽകിയതിന്റെ ഉദ്ദേശ്യം | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|---|
| 1 | 43/18.04.22 | 30792 | കെ എസ് ഇ ബി | 25 വാർഡിലെ ഇലക്ട്രിക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിന് | പൂർത്തീകരണവിവരം |
| 2 | 44/18.4.22 | 17856 | കെ എസ് ഇ ബി | ഇലക്ട്രിക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിന് | പൂർത്തീകരണവിവരം |
| 3 | 45/18.4.22 | 40889 | കെ എസ് ഇ ബി | ഇലക്ട്രിക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിന് | പൂർത്തീകരണവിവരം |
| 4 | 46/18.4.22 | 15607 | കെ എസ് ഇ ബി | ഇലക്ട്രിക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിന് | പൂർത്തീകരണവിവരം |
| 5 | 47/18.4.22 | 18463 | കെ എസ് ഇ ബി | ഇലക്ട്രിക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിന് | പൂർത്തീകരണവിവരം |
| 6 | 61/23.4.22 | 64600 | രാരീരം ടെക്സ്റ്റയിൽസ് | യൂണിഫോം വില്പന ചെയ്ത വകയിൽ | യൂണിഫോം വിതരണം ചെയ്തതിന്റെ രേഖകൾ |
| 7 | 62/23.4.22 | 60135 | ഹെഡ്കോ | ഗ്ലൌസ്,റെയിൻകോട്ട് എന്നിവ വാങ്ങിയത് | വിതരണം ചെയ്തതിന്റെ രേഖകൾ |

| | | | | | |
|---|---|---|---|---|---|
| 8 | 212/27.6.22 | 54000 | അംഗൻവാടി - നെയിംബോർഡ് സിഡ്കോ | അംഗൻവാടി - നെയിംബോർഡ് നിർമ്മിച്ച് നൽകിയ വക | നെയിംബോർഡ് സ്ഥാപിച്ചതിന്റെ വിവരം |
| 9 | 559/2.11.22 | 62595 | സൺ അഡ്വർടൈസിംഗ് തിരൂർ | കെട്ടിടങ്ങൾക്ക് പതിപ്പിക്കുന്ന നമ്പർ പ്ലേറ്റ് വിതരണം ചെയ്ത വക. | സ്റ്റോക്ക് രജിസ്റ്റർ |
| 10 | 630/24.11.22 | 50000 | ശ്രീ.വിവി ഷാജി, ക്ലാർക്ക് | 2022 വർഷത്തെ കേരളോത്സവം നടത്തിപ്പിനായി അഡ്വാൻസായി തുക നൽകിയത്. | ചെലവ് രേഖകൾ |
| 11 | 662/06.12.22 | 50000 | ശ്രീ.വിവി ഷാജി, ക്ലാർക്ക് | കേരളോത്സവം നടത്തിപ്പിനായി അഡ്വാൻസായി തുക നൽകിയത്. | ചെലവ് രേഖകൾ |
| | ആകെ | 464937 | | | |

₹**464937**യുടെ ചെലവ് തടസപ്പെടുത്തുന്നു**.** ചെലവിനാധാരമായ മുഴുവൻ രേഖകളും ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്**.**

**1-50 മൺചട്ടികളും പച്ചക്കറി തൈകളും ലഭ്യമായ അന്തിമ ഗുണഭോക്താക്കളുടെ കൈപ്പറ്റ് വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹2720000 തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 396/23 പച്ചക്കറി വികസനപദ്ധതി |
| അടങ്കൽ | ₹2040000 (തനത് ഫണ്ട്)<br>₹680000 (ഗുണഭോക്തൃവിഹിതം)<br>ആകെ 2720000 |
| ബിൽ നമ്പർ& തീയ്യതി | ₹2040000/-178/ 21-12-2022<br>₹680000/ 3021806701220002/18-01-2023<br>ആകെ ചെലവ് - ₹2720000 |

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി **1360** മൺചട്ടികളും പച്ചക്കറി തൈകളും യൂണിറ്റിന് **2000** രൂപ നിരക്കിൽ ആഗ്രോ സർവ്വീസ് സെന്റർ, ബക്കളത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്**.** പദ്ധതി നിർവ്വഹണം സംബന്ധിച്ച അപാകങ്ങൾ ചുവടെ കൊടുക്കുന്നു**.**

**1. (**ഇൻവോയ്സ് നമ്പർ **640/19-12-2022).** വാർഡ് കൗൺസിലർമാർ വിതരണം നടത്തിയതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും മൺചട്ടികളും പച്ചക്കറി തൈകളും ലഭ്യമായ അന്തിമ ഗുണഭോക്താക്കളുടെ കൈപ്പറ്റ് വിവരങ്ങൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല**.**

**2.**വിതരണരീതി സംബന്ധിച്ച യാതൊരു നിർദ്ദേശവും പ്രോജക്ടിലോ പ്രോജക്ട് ഫയലിലോ ഉൾപ്പെടുത്തിയിട്ടില്ല**.**

**3.**പ്രസ്തുത തുക നഗരസഭയുടെ സുലേഖ ചെലവ് സ്റ്റേറ്റ് മെന്റിലും വാർഷിക ധനകാര്യപത്രികയിലും ഉൾപ്പെട്ടിട്ടില്ല**.**

**4.**സ്ഥാപനത്തിന്റെ ക്യാഷ് ബില്ലിൽ **(**ഇൻവോയ്സ് നമ്പർ **640/19-12-2022)**ഏതുതരം പച്ചക്കറി തൈകളാണ്

വിതരണം നടത്തിയതെന്ന് രേഖപ്പെടുത്തിയിട്ടില്ല.

5. ഉല്പാദന വർധനവ് വിലയിരുത്തിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ **(39/15-01-2024)** ഗുണഭോക്തൃലിസ്റ്റ് പ്രകാരമാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതും പദ്ധതി ആനുകൂല്യം അനുവദിച്ചതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താവിന്റെയും കൈപ്പറ്റ് സംബന്ധിച്ച അപാകതയും സ്വലേഖ ചെലവ് സ്റ്റേറ്റ് മെന്റിൽ തുക ഉൾപ്പെടാത്തത് സംബന്ധിച്ചതിനുള്ള മറുപടിയും ഉല്പാദന വർധനവ് വിലയിരുത്തിയതുമായി ബന്ധപ്പെട്ട വിവരവും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മൺചട്ടികളും പച്ചക്കറി തൈകളും ലഭ്യമായ അന്തിമ ഗുണഭോക്താക്കളുടെ കൈപ്പറ്റ് വിവരവും മറ്റ് അപാകതകൾക്കും മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക **2720000** രൂപ തടസപ്പെടുത്തുന്നു. ഗുണഭോക്താക്കളുടെ കൈപ്പറ്റ് വിവരം ലഭ്യമാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 1-51 പെൻഷൻ ഫണ്ടിന്റെ രൂപീകരണവും പരിപാലനവും

**റഗുലർ ജീവനക്കാരുടെ പെൻഷൻ ഫണ്ട്**

1996 ൽ നിലവിൽ വന്ന കേരള മുനിസിപ്പൽ ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബനിഫിറ്റ് റൂൾസിലെ ചട്ടം 7(2), 8 എന്നിവയനുസരിച്ച് നഗരസഭയിലെ ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത ശമ്പളത്തിന്റെ 15% അതത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതത് മാസം 25-)o തീയതിക്ക് മുൻപ് സെൻട്രൽ പെൻഷൻഫണ്ടിലേക്ക് വരവ് വെക്കുന്നതിന് മുനിസിപ്പൽ ഭരണ ഡയറക്ടറുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി അയച്ചുകൊടുക്കേണ്ടതാണ്. നഗരസഭയിലെ പെൻഷൻ ഫണ്ട് ഒടുക്ക് സംബന്ധിച്ച് ഹാജരാക്കിയ രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷം യഥാസമയംതന്നെ പെൻഷൻഫണ്ടിലേക്ക് തുക ഒടുക്കിയിട്ടുണ്ട്. നഗരസഭയിലെ റഗുലർ ജീവനക്കാർക്ക് പെൻഷൻ നല്കുന്നതിന് തളിപ്പറമ്പ് സബ്ട്രഷറിയിൽ അക്കൗണ്ട് നമ്പർ 799011400007337 നമ്പരായി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്.സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനാവശ്യമായ തുക യഥാസമയം ലഭ്യമാകാത്ത സാഹചര്യമാണുള്ളത്. 2022-23 സാമ്പത്തിക വർഷം മാത്രം റഗുലർ ജീവനക്കാരുടെ പെൻഷൻ വിതരണത്തിനായി നഗരസഭാ തനതു ഫണ്ടിൽ നിന്നും 4259293 രൂപ എസ് ടി എസ് ബി അക്കൗണ്ടിലേക്ക് വകമാറ്റിയിട്ടുണ്ട്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ഓഡിറ്റ് വർഷം ലഭിച്ചത് 709688രൂപ മാത്രമാണ്.

31.03.23 തീയതിയിൽ പെൻഷൻ അക്കൗണ്ടിൽ നിന്ന് സർക്കാർ 781101രൂപ 2022-23 തിരികെ എടുത്തിട്ടുണ്ട്.

ഓഡിറ്റ് വർഷം നഗരസഭ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയ തുകയുടെയും റഗുലർ പെൻഷൻ വിതരണത്തിനായി ചെലവഴിച്ച തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയ തുക | 1895827 |
| സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും 2022-23 ൽ പെൻഷൻ വിതരണത്തിനായി ലഭിച്ച തുക | 709688 |
| റഗുലർ പെൻഷനർമാരുടെ എണ്ണം | 27 |
| പ്രതിമാസ പെൻഷൻ വിതരണത്തിനായി 2022-23 സാമ്പത്തിക വർഷം ചെലവഴിച്ച തുക | 6588516 |
| പെൻഷൻ പരിഷ്കരണ കുടിശികയുടെ മൂന്നു ഗഡുക്കൾ വിതരണം ചെയ്ത വകയിലുള്ള ചെലവ് | 57089 |
| കുടിശിക ക്ഷാമാശ്വാസം വിതരണം ചെയ്ത വകയിലുള്ള ചെലവ്(നാലു ഗഡുക്കൾ) | 0 |
| ഉത്സവബത്ത | 27,000 |
| ഡി സി ആർ ജി കുടിശിക | 569016 |
| ആകെ | ₹72,41,621 |

സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് തിരിച്ച് കിട്ടാനുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തിരിച്ചു കിട്ടാനുള്ള തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

എൻപിഎസ് ൽ ഉൾപ്പെട്ട ജീവനക്കാരുടെ എണ്ണവും ഒടുക്കിയ തുക സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

**കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട്**

1997 ലെ കേരളാ മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങളിലെ ചട്ടം 7(1) (2) ഇവ അനുസരിച്ച് ജീവനക്കാരുടെ മൊത്ത ശമ്പളത്തിന്റെ 15% തുക കണ്ടിജന്റ് പെൻഷൻ ഫണ്ടിനായി പ്രത്യേക

ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. നഗരസഭ ട്രഷറി എസ് ടി എസ് ബി അക്കൗണ്ട് (അക്കൗണ്ട് നമ്പർ 79901140000733 6)ആരംഭിച്ചിട്ടുണ്ട്. കണ്ടിജന്റ് പെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| കണ്ടിജന്റ് പെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയ തുക (പലിശ ഉൾപ്പെടെ) | 2321000 |
| കണ്ടിജന്റ് പെൻഷൻ ഫണ്ടിലേക്ക് തനതു ഫണ്ടിൽ നിന്ന് വകമാറ്റിയ തുക | 6636601 |
| കണ്ടിജന്റ് പെൻഷനർമാരുടെ എണ്ണം | 18 |
| പ്രതിമാസ പെൻഷൻ വിതരണത്തിനായി 2022-23സാമ്പത്തിക വർഷം ചെലവഴിച്ച തുക | 2321000 |
| കുടിശിക പെൻഷൻ | 607950 |
| കുടിശിക ക്ഷാമാശ്വാസം വിതരണം ചെയ്ത വകയിലുള്ള ചെലവ് | 0 |
| ഉത്സവബത്ത | 15000 |
| ഡി സി ആർ ജി ,പെൻഷൻ കമ്മ്യൂട്ടേഷൻ | 3091312 |
| ആകെ | 6035262 |

31.03.23 തീയതിലെ വാർഷിക ധനകാര്യ പത്രിക-ബാലൻസ് ഷീറ്റ് ബി 2 ഷെഡ്യൂളിൽ കണ്ടിജന്റ് പെൻഷൻ ഫണ്ടിൽ 16453396 രൂപ മൈനസ് ബാലൻസ് ആയാണ് കാണിച്ചിട്ടുള്ളത്. ആയതിന്റെ കാരണം പരിശോധിക്കേണ്ടതുണ്ട്.
പെൻഷൻ വിതരണം നഗരസഭയുടെ സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിക്കാത്ത രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതിലേക്കും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാനുള്ള തുക തിരിച്ചു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതിലേക്കുമായി ഈ വിഷയം നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

### 1-52 മുനിസിപ്പാലിറ്റി ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് പാനൽ മാറ്റി സ്ഥാപിക്കൽ-സ്ക്രാപ് വിൽപ്പന നടത്താത്തത്

1000000 രൂപ അടങ്കൽ നിശ്ചയിച്ച്(തനതു ഫണ്ട് ) 478726 രൂപ ചെലവഴിച്ച മുനിസിപ്പൽ എഞ്ചിനീയർ നടപ്പിലാക്കിയ മേൽ പ്രവൃത്തിയുടെ (പ്രോ.നം. SO 144/23) ഫയൽ പരിശോധിച്ചതിൽ സ്ക്രാപ്പ് ഇനത്തിൽ 200 കി.ഗ്രാം ഇരുമ്പും 10കി.ഗ്രാം ചെമ്പും ഉണ്ടെന്ന് എം.ബുക്കിൽ (നം.14/23) രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വസ്തുക്കൾ എന്തു ചെയ്തുവെന്ന് ഓഡിറ്റിനെ അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(56/22-01-24) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ക്രാപ്പ് വില്പന നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ആർജിത അവധി വേതനം അനുവദിച്ചതിലെ അപാകങ്ങൾ. 12018 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാർക്ക് **KSR** അനുബന്ധം എട്ടിൽ നിർദ്ദേശിച്ചവിധം പതിനഞ്ച് ദിവസത്തെ ആർജ്ജിത അവധി വേതനം മാത്രമാണ് അനുവദനീയം. എന്നാൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലെ

ജീവനക്കാർക്ക് **20** ദിവസത്തെ അവധി ശമ്പളം അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ജീവനക്കാരന്റെ പേര്, തസ്തിക, അടിസ്ഥാന ശമ്പളം | വൌച്ചർ നമ്പർ,തീയതി | സറണ്ടർ ചെയ്ത ദിനങ്ങൾ | കൈപ്പറ്റിയ വേതനം | 15 ദിവസത്തെ വേതനം | അധികം കൈപ്പറ്റിയത് |
|---|---|---|---|---|---|
| ടിറ്റോ ജോൺ ഓവർസീയർ 24040 | 1035/ 24-03-2023 (32052) | 20 | 16026 | 12020 | 4006 |
| ഡയാന തോമസ് ഡാറ്റാ എൻട്രി ഓപ്പറേറ്റർ 24040 | 1108/ 31-03-2023 (32052) | 20 | ₹16026 | 12020 | 4006 |
| ടിറ്റോ ജോൺ ഓവർസീയർ 24040 | 1108/ 31-03-2023 (32052) | 20 | ₹16026 | 12020 | 4006 |
| ആകെ | | | | | 12018 |

12018 രൂപ അധികം നൽകിയതിന് കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (54/**22-01-2024**) 12-07-2004 ലെ ജിഒ(പി) നമ്പർ 324/2004 ഫിൻ പ്രകാരമാണ് നൽകിയതെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഈ ഉത്തരവ് പ്രകാരം കണക്കിൽ 20 ആർജിതാവധി നീക്കിയിരിപ്പുണ്ടെങ്കിൽ മാത്രമേ 20 ആർജിതാവധി സറണ്ടർ ചെയ്യാൻ പാടുള്ളൂ. ഒരു വർഷത്തേക്കോ അതിൽ കുറഞ്ഞ കാലയളവിലേക്കോ നിയമിക്കപ്പെട്ടവർക്ക് പരമാവധി 15 ആർജിതാവധി മാത്രമേ അർഹതയുള്ളൂ. ആയതിനാലും 20 ആർജിതാവധി ക്രെഡിറ്റിലുണ്ടെന്നുള്ള രേഖകൾ ഹാജരാക്കാത്തതിനാലും ഓരോ സാമ്പത്തിക വർഷവും അധികം അനുവദിച്ച 5 ആർജിതാവധി പണമാക്കിയ ഇനത്തിൽ ചെലവഴിച്ച 12018 രൂപ നിരാകരിക്കുന്നു. സർക്കാർ നിർദേശത്തിന് വിരുദ്ധമായി ആർജിതാവധി സറണ്ടർ ചെയ്ത് നൽകിയ 12018 രൂപ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-2 കാലിത്തീറ്റ വിതരണം-സബ്സിഡി നിരക്കിൽ അധികം നൽകിയ 2500 രൂപ തിരിച്ചുപിടിക്കേണ്ടതാണ്.

നഗരസഭയിലെ തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകർക്ക് പശു ഒന്നിന് 100 കിലോഗ്രാം തീറ്റയ്ക്ക് 1250 രൂപ നിരക്കിൽ 80 പേർക്ക് 6 മാസം പരമാവധി 7500 രൂപ വരെ സബ്സിഡി നിരക്കിൽ തീറ്റ നൽകുന്നതുമായി ബന്ധപ്പെട്ടതാണ് ചുവടെ കൊടുക്കുന്ന പ്രോജക്ട്.ഒന്നിൽ കൂടുതൽ പശുക്കൾ ഉള്ളവർക്ക് സബ്സിഡി മാനദണ്ഡമനുസരിച്ച് പരമാവധി 10000 രൂപ സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകാം.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ വെറ്റിനറി സർജൻ |
| പ്രോജക്ട് &നം | ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിതരണത്തിന് സബ്സിഡി -193/23 |
| അടങ്കൽ | ₹450000(വികസന ഫണ്ട് -ജനറൽ ) |
| ചെലവ് | ₹450000(വികസന ഫണ്ട് -ജനറൽ ) |
| ബിൽ നം & തീയതി | 169/13.12.2022-₹66250<br>202/12.01.2023-₹102500<br>231/10.02.2023-₹110000<br>280/14.03.2023-₹92500<br>324/23.03.2023-₹78750 |

സ.ഉ(കൈ)നം.115/2022/തസ്വഭവ,28.05.2022 പ്രകാരം മേൽ പദ്ധതിയ്ക്ക് ജനറൽ വിഭാഗത്തിന് പരമാവധി 10000 രൂപയാണ് സബ്സിഡി നിരക്ക്.തളിപ്പറമ്പ ക്ഷീര വ്യവസായ സഹകരണ സംഘത്തിൽ നിന്നാണ് കാലിത്തീറ്റ

വിതരണം ചെയ്തിട്ടുള്ളത്.സംഘം ഹാജരാക്കിയ ഇൻവോയ്സുകൾ,കാറ്റിൽ ഫീഡ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം ശ്രീമതി എം കെ ഉഷ,33/386 എന്ന കർഷകയ്ക്ക് 12500 രൂപ ആകെ സബ്സിഡി നിരക്കിൽ(2500രൂപ അധികം) കാലിത്തീറ്റ ലഭ്യമാക്കിയിട്ടുണ്ട്.

| സബ്സിഡി അനുവദിച്ച മാസം (കാറ്റിൽ ഫീഡ് സ്റ്റേറ്റ്മെന്റ് പ്രകാരം) | തുക ഉൾപ്പെടുന്ന ബിൽ വിവരം | അനുവദിച്ച സബ്സിഡി നിരക്ക് (₹) |
|---|---|---|
| November 2022 | 169/13.12.2022-₹66250 | 2500 |
| December 2022 | 202/12.01.2023-₹102500 | 2500 |
| December 2022 | 202/12.01.2023-₹102500 | 1250 |
| January 2023 | 231/10.02.2023-₹110000 | 3750 |
| February 2023 | 280/14.03.2023-₹92500 | 2500 |
| ആകെ | | 12500 |

മേൽ ഗുണഭോക്താവിന് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികമായി സബ്സിഡി ആനുകൂല്യം ലഭ്യമാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.35/15.01.24)ഡിസംബർ മാസം കാലിത്തീറ്റ നൽകിയ സൊസൈറ്റിയുടെ സ്റ്റേറ്റ് മെന്റിൽ ശ്രീമതി ഉഷ എം കെ എന്ന ഗുണഭോക്താവിനെ 2 തവണ ചേർത്തതിനാലാണ് ടിയാന് സബ്സിഡി തുക അധികം നൽകിയത് എന്ന മറുപടി ലഭ്യമാക്കി. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ അധികം നൽകിയ 2500 രൂപ തിരിച്ച് പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് പ്രവർത്തനമാരംഭിച്ചിട്ടില്ല- ചെലവ് തുകയായ ₹3,00,000 നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ |
| പ്രോജക്ടിന്റെ പേര് | 363/23, പേപ്പർബാഗ് നിർമ്മാണം |
| അടങ്കൽ | ₹3,00,000 വികസന ഫണ്ട് പൊതു വിഭാഗം |
| ചെലവ് തുക | ₹3,00,000 |
| വൗച്ചർ നമ്പർ/ തീയതി | 336/24.03.2023 |

പേപ്പർബാഗ് നിർമ്മാണത്തിലൂടെ പ്ലാസ്റ്റിക് ബാഗിന്റെ ഉപയോഗം ഒഴിവാക്കുക, സംരംഭകരുടെ വരുമാനം വർദ്ധിപ്പിക്കുക, ജീവിതനിലവാരം ഉയർത്തുക എന്നിവ ലക്ഷ്യമിട്ട് കൊണ്ട് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതാണ് മേൽ പദ്ധതി. പദ്ധതിയുമായി ബന്ധപ്പെട്ട ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1) പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ നമ്പർ, വാർഡ് നമ്പർ, കെട്ടിടത്തിന്റെ ഉടമസ്ഥത എന്നിവ വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

2) തൊഴിൽ സംരംഭത്തിന്റെ നടത്തിപ്പ് ചുമതല ആർക്കാണ് അനുവദിച്ചിട്ടുള്ളതെന്നും,ആയതിൽ പങ്കാളികളായ ഗുണഭോക്താക്കളുടെ പേരും അവർ ഇത്തരത്തിലുള്ള ആനുകൂല്യത്തിന് അർഹതയുള്ളവരാണെന്ന് വ്യക്തമാക്കുന്ന രേഖകളും ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയിലെ ഏത് മാനദണ്ഡം അനുസരിച്ചാണ് വികസന ഫണ്ടുപയോഗപ്പെടുത്തി പ്രസ്തുത ചെലവ് നടത്തിയതെന്ന് വ്യക്തമല്ല.

3) പദ്ധതിയുടെ ഭാഗമായി 3,00,000/- രൂപയുടെ ഉല്പന്നങ്ങളും മെഷിനറികളും വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ടെണ്ടർ ലഭിച്ച അർജ്ജുൻ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന് ചെലവ് തുകയായ ₹300000 അനുവദിച്ചിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ചതിന്റെ ടെണ്ടർ നോട്ടീസ്, സപ്ലൈ ഓർഡർ, ലഭ്യമായ ഉല്പന്നങ്ങളുടേയും മെഷിനറികളുടേയും വിവരം,

ഉല്പന്നങ്ങളും മെഷിനറികളും സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. (സാധനങ്ങൾ വിതരണം ചെയ്തിട്ടുള്ള അർജ്ജുൻ അസോസിയേറ്റ്സിന്റെ 23.03.2023 തീയതിയിലെ CM36 നമ്പർ ഇൻവോയിസിൽ വിതരണം ചെയ്ത സാധനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല)

4) സ്ഥാപനം പ്രവർത്തനം ആരംഭിച്ച തിയ്യതി, സ്ഥാപനത്തിന്റെ പേര്, സംരംഭത്തിന്റെ ഇതേവരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിവരം, സംരംഭത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ, യൂണിറ്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട അംഗീകരിച്ച ബൈലോ, യൂനിറ്റിന്റെ പ്രവർത്തന റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (23/09.01.2024) നഗരസഭാ സെക്രട്ടറിയുടെ ഉടമസ്ഥതയിലുള്ള കുണ്ടംകുഴി സാംസ്കാരിക നിലയത്തിലാണ് (വാർഡ് 8, കെട്ടിട നമ്പർ 495) സ്ഥാപനം തുടങ്ങാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും കുടുംബശ്രീ മുഖേനയുള്ള പേപ്പർ ബാഗ് നിർമ്മാണത്തിലുള്ള തൊഴിൽപരിശീലനം ലഭിച്ച 3 പേരെ സംരംഭത്തിലേക്ക് തെരഞ്ഞെടുത്തിട്ടുണ്ടെന്നും സംരംഭം നാളിതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. 3 ലക്ഷം രൂപയുടെ സാധന സാമഗ്രികൾ വാങ്ങിയത് സ്റ്റോക്കിലെടുക്കുകയോ എവിടെയാണെന്ന് പോലും വിവരമില്ല. മാത്രമല്ല വിഭാവനം ചെയ്ത യൂണിറ്റ് നാളിതുവരെ പ്രവർത്തനമാരംഭിച്ചിട്ടുമില്ല. തീരെ ആസൂത്രണമില്ലാതെ ചെലവഴിച്ച തുക തികച്ചും പാഴ് ചെലവ് ആണ്. തുക അനുവദിച്ചതിനുശേഷം യൂണിറ്റ് ആരംഭിച്ചു എന്ന് ഉറപ്പുവരുത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ യാതൊരു നടപടികളും സ്വീകരിച്ചിട്ടുമില്ല. ആയതിനാൽ ചെലവ് തുകയായ ₹300000 ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 04-01-2024 മുതൽ 05-01-2024 വരെ | കെ.എസ്.എ/കെ.എൻ.ആർ/സി.15/ 117/2024 തീയതി: 06.03.2024. |

### 4-2 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് 6031220 രൂപ മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രോജക്ട് നമ്പർ ,പ്രവൃത്തിയുടെ പേര് | ചെക്ക് നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 389/23,കുഞ്ഞരയാൽ-കാക്കാഞ്ചാൽ റോഡ് വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 264/ 07-03-2023/ തളിപ്പറമ്പ സെക്ഷൻ | ₹1123000 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി യിട്ടില്ല | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി യിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | 388/23,വിവിധ വാർഡുകളിൽ കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കൽ | 283/ 14-03-2023 | ₹4895800 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി യിട്ടില്ല | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി യിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 423/23- വൈര്യാം കോട്ടം മുക്കോല അംഗൻവാടി വാട്ടർ കണക്ഷൻ നൽകൽ | 330/ 23-03-2023/ | ₹12420 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി യിട്ടില്ല | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി യിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ യിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ ലോൺ- കെയുആർ ഡി എഫ് സി- ലൈഫ് ഭവന നിർമ്മാണ പദ്ധതി | ജി ഒ(എം എസ്) നം 68/18/എൽ എസ് ജി ഡി/ തീയതി 18.05.18 | 2,24,00,000 | 1,78,80,000 | 1493334 | | 16386666 |
| | | 2,24,00,000 | 1,78,80,000 | 1493334 | | 16386666 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ , ഇൻവെസ്റ്റ്മെന്റുകൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം, ഇൻവെസ്റ്റ്മെന്റ് | 12,8783814 |
| തൻവർഷം നിക്ഷേപിച്ച തുക | 8705998 |
| ആകെ | 13,7489812 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 28459251 |
| വർഷാവസാനം അവശേഷിക്കുന്ന തുക | 109030561 |

ഫിക്സഡ് ഡെപ്പോസിറ്റ് റസീറ്റുകൾ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | നിക്ഷേപത്തിന്റെ വിവരം | വർഷാ വസാനം അവശേ ഷിക്കുന്ന തുക | കാലാവധി തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | മൊറാഴ കല്ല്യാശ്ശേരി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്- സായാഹ്ന ശാഖ,ധർമ്മശാല | 0802111301904/ 30.03.2019<br>10 ലക്ഷം | 1285390 | 24.06.23 | 91ദിവസംകൂട്ടുമ്പോൾ പുതുക്കുന്നു. പലിശ നിരക്ക് 7% . |

| | | | | | |
|---|---|---|---|---|---|
| 2 | പാപ്പിനിശ്ശേരി കോ-ഓപ് റൂറൽ ബാങ്ക് ലിമിറ്റഡ് നമ്പർഇ-1321, ബാവുപ്പറമ്പ ശാഖ. | 1402010000840/ 29.03.19 (25ലക്ഷം) | 3203812 | 26-06-2023 | 6മാസം,പലിശ നിരക്ക് 6.75% |
| 3. | മൊറാഴ കല്ല്യാശ്ശേരി സർവീസ് കോ – ഓപ്പറേറ്റീവ് ബാങ്ക് | 1145/11-12 (W.E.F 16.11.2011 25ലക്ഷം) | 6372514 | 16.11.23 | പലിശനിരക്ക് 7.75%കാലാവധി 1 വർഷം |
| 4 | മൊറാഴ കല്ല്യാശ്ശേരി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ലി.നം.എഫ്-1452, പറശ്ശിനിക്കടവ് ശാഖ | 0002111302571/ 03.01.2020 (25 ലക്ഷം) | 3045332 | 30-06-2023 | 91ദിവസംകൂടുമ്പോൾ പുതുക്കുന്നു.പലിശ നിരക്ക് 7% |
| 5. | മൊറാഴ കല്ല്യാശ്ശേരി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ലി. നം. എഫ്-1452, പറശ്ശിനിക്കടവ് ശാഖ. | 0602111302337/ 29.03.19 (25 ലക്ഷം) | 3213469 | 23.06-2023 | 91ദിവസം കൂടുമ്പോൾ പുതുക്കുന്നു.പലിശ നിരക്ക് 7% |
| 6 | തളിപ്പറമ്പ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം.എഫ്.1264 | 0103033177/ 28.03.19 1കോടി | 13353610 | 28.03.24 | 12 മാസം, പലിശ നിരക്ക് 8.25% |
| 7 | തളിപ്പറമ്പ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം.എഫ്.1264 | 0103031894/ 05.01.18 (30,55,985) | 4460168 | 05.03.24 | 12 മാസം, പലിശ നിരക്ക് 8.25% |
| 8 | തളിപ്പറമ്പ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം.എഫ്.1264 | 0103032286/ 21.05.18 (66,31,253) | 9439409 | 21.03.24 | 12മാസം,പലിശ നിരക്ക് 8.25% |
| 9 | തളിപ്പറമ്പ റൂറൽ കോ-ഓപ് സൊസൈറ്റി ലിമിറ്റഡ് നമ്പർ സി. 2056 | 212/28.03.19 | 3338403 | 31.03.24 | 12മാസം,പലിശ നിരക്ക് 8.25% |
| 10 | തളിപ്പറമ്പ ബ്ലോക്ക് വനിത കോ-ഓപ് സൊസൈറ്റി ലിമിറ്റഡ് നമ്പർ സി.944 | 2569/31-03-19 10ലക്ഷം | 1324349 | 31.03.24 | 365ദിവസം, പലിശ നിരക്ക് 8.25% |
| 11 | സബ് ട്രഷറി ,തളിപ്പറമ്പ (ടേം ഡെപ്പോസിറ്റ് (എഫ് ഡി) സർട്ടിഫിക്കറ്റ് | JK No.478243/ 799010500684597/ 21-06-2019 (799010502218143) 6,34,808 | 634808 | 21-06-2027 | പലിശ എസ് ടി.എസ്.ബി അക്കൗണ്ടിലേക്ക് മാറ്റുന്നു.7.5% |
| 12 | സബ് ട്രഷറി ,തളിപ്പറമ്പ (ടേം ഡെപ്പോസിറ്റ് (എഫ്.ഡി) സർട്ടിഫിക്കറ്റ് | AA No.391071/ 799010500176539/ 25-07-2017 1,09,333 | 109333 | 25.07.24 | പലിശ(8.5%) എസ്.ടി.എസ്.ബി അക്കൗണ്ടിലേക്ക് മാറ്റുന്നു. |

| | | | | | |
|---|---|---|---|---|---|
| | | (799010502218131) | | | |
| 13 | പഞ്ചാബ് നാഷണൽ ബാങ്ക്,തളിപ്പറമ്പ ശാഖ | 480400PU00008371/ 4730094/31-05-21 W.E.F.20-05-2022 | 8480061 | 20.05.23 | 1വർഷം,പലിശ നിരക്ക് 5.1% |
| 15 | പഞ്ചാബ് നാഷണൽ ബാങ്ക്,തളിപ്പറമ്പ ശാഖ | 480400PU00008326/ 4729744/31-05-21 W.E.F.18-05-2022 | 13227373 | 18.05.23 | 1വർഷം,പലിശ നിരക്ക് 5.1% |
| 16 | പഞ്ചാബ് നാഷണൽ ബാങ്ക്,തളിപ്പറമ്പ ശാഖ | 480400PU00008353/ 4729923/31-05-21 W.E.F.19-05-2022 | 13343367 | 19.05.23 | 1വർഷം,പലിശ നിരക്ക് 5.1%<br>19.05.23 ന് പുതുക്കി. |
| 17 | പഞ്ചാബ് നാഷണൽ ബാങ്ക്,തളിപ്പറമ്പ ശാഖ | 480400PU00008317/ 472690/31-05-21 W.E.F. 17-05-2022 | 13159492 | 17.05.23 | 1വർഷം,പലിശ നിരക്ക് 5.1% |
| 18 | സബ് ട്രഷറി ,തളിപ്പറമ്പ - ടേം ഡെപ്പോസിറ്റ് (എഫ്.ഡി) സർട്ടിഫിക്കറ്റ് | EE No.459413/ 799010500652352/ 30-03-2010<br>(799010502186336) | 600000 | 30-03-2025 | പലിശ 7.5എസ്.ടി എസ്.ബി അക്കൗണ്ടിലേക്ക് മാറ്റുന്നു. |
| 19 | കേരള ഗ്രാമീൺ ബാങ്ക്,കരിമ്പം ശാഖ. | 301690/A/C-4049320 170042/14.03.17 | 6281968 | 28.03.24 | 1വർഷം,പലിശ നിരക്ക് 5.75% |
| 20 | പഞ്ചാബ് നാഷണൽ ബാങ്ക്,തളിപ്പറമ്പ ശാഖ (മണൽ ലേലം-കേസ്-ഡെപ്പോസിറ്റ് തുക) | 480400PR00002002/ 03.10.20<br>(6,03,240) | 603240 | 03.10.23 | 3 വർഷം, പലിശ നിരക്ക് 5.2%<br>(7,04,374) |
| 21 | പഞ്ചാബ് നാഷണൽ ബാങ്ക്,തളിപ്പറമ്പ ശാഖ (മണൽ ലേലം-കേസ്-ഡെപ്പോസിറ്റ് തുക) | 480400PR00001997/ 03.10.20<br>(7,50,701) | 750701 | 03.10.23 | 3 വർഷം, പലിശ നിരക്ക് 5.2%<br>(876557)<br>03-10-2023 ന് മൂന്ന് വർഷത്തേക്ക് പുതുക്കി |
| 22 | പഞ്ചാബ് നാഷണൽ ബാങ്ക്,തളിപ്പറമ്പ ശാഖ (മണൽ ലേലം-കേസ്-ഡെപ്പോസിറ്റ് തുക) | 480400PR00001988/ 03.10.20<br>(8,03,762) | 803762 | 03.10.23 | 3 വർഷം, പലിശ നിരക്ക് 5.2% (938514)<br>03-10-2023 ന് മൂന്ന് വർഷത്തേക്ക് പുതുക്കി |
| 23 | മോറാഴ കല്ല്യാശ്ശേരി സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് | 0602111303430/22-03-2023 | 1500000 | 22-03-2024 | 1 വർഷം, പലിശ നിരക്ക് 8.2% |
| | | ആകെ | 108530561 | | |
| 24 | ക്ലീൻ കേരള കമ്പനി ലിമിറ്റഡ് തിരുവനന്തപുരം | സർട്ടിഫിക്കറ്റ് നമ്പർ -034/26-05500000-2016 (35001 മുതൽ 35500 വരെ നമ്പറുകൾ | 500000 | | |
| | | | 109030561 | | |

**2022-23 സാമ്പത്തിക വർഷം ക്ലോസ് ചെയ്ത ഡെപോസിറ്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| ക്രമ നം | എഫ് ഡി നമ്പർ | സ്ഥാപനം | ക്ലോസ് ചെയ്ത തീയതി | എഫ് ഡി മൂല്യം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 0602011209328/<br>16.12.13 (50 ലക്ഷം) | പാപ്പിനിശ്ശേരി കോ-ഓപ് റൂറൽ ബാങ്ക് ലിമിറ്റഡ് നമ്പർ ഇ-1321 ബക്കളം ശാഖ. | 02-09-2022 | 9751321 |
| 2 | 1002011201557/4.12.14<br>(50ലക്ഷം) | പാപ്പിനിശ്ശേരി കോ-ഓപ് റൂറൽ ബാങ്ക് ലിമിറ്റഡ് നമ്പർ ഇ-1321,<br>കോൾമൊട്ട ശാഖ. | 09.06.22 | 9130706 |
| 3 | 480400PU00003452/<br>4730138/01.04.21 | പഞ്ചാബ് നാഷണൽ ബാങ്ക്,തളിപ്പറമ്പ ശാഖ | 05-04-2022 | 7535544 |
| 4 | 0602111303089/<br>31.03.22(20,00,000) | മൊറാഴ കല്ല്യാശ്ശേരി സർവീസ് കോ-ഓപ്പറേറ്റീവ് | 16-08-2022 | 2041680 |
| | | | | 28459251 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | തുക ഒടുക്കിയ ആളുടെ പേര് / ഉദ്യോഗപ്പേര് | രശീത് നമ്പർ/ തീയതി |
|---|---|---|---|---|---|
| 1 | 2009-10,10-11 | 3-2 | 300 | ശ്രീ.കെ.പി.ലക്ഷ്മണൻ, യു.ഡി.സി | 01/122010113001/ 24-11-2022 |
| | 2015-16 | 3-5 | 2098 | ,, | ,, |
| | 2017-18 | 3-12 | 1123 | ,, | ,, |
| 2 | 2019-20 | 1-17 | 3000 | ശ്രീമതി.ഹസീന.കെ.പി സെക്രട്ടറി | 01/122011100133/ 11-8-22 |
| 3 | 2020-21 | 1-16 | 14780 | ശ്രീമതി.ഹസീന.കെ.പി സെക്രട്ടറി | 01/122011100134/ 11-8-22 |
| 4 | 2020-21 | 1-17 | 1803 | ശ്രീ.വി.പി.വിജയൻ ലൈബ്രേറിയൻ(റിട്ട.) | 01/122010106853/ 22-8-22 |
| | | ആകെ | ₹23104 | | |

ഓഡിറ്റ് ഒബ്ജക്ഷൻ & റിക്കവറി രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. നഗരസഭയിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളാണ് ഉൾപ്പെടുത്തിയത്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2004-05 | 4.2.12 | 1997-98 | 6 | ഉല്പാദന പദ്ധതികൾക്ക് അധികസബ്സിഡി നൽകിയത് | സമിതിയുടെ പരിഗണനയിൽ |
| | | 2000-01 | 6,17 | | |
| 2006-07 | 4.28 | 2002-03 | 2-21 | വളംനിർമ്മാണശാല -ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിച്ചില്ല. | സമിതിയുടെ പരിഗണനയിൽ |
| പ്രവർത്തനാവലോകന റിപ്പോർട്ട് 2012-13 | 3.1.5.9 | | | മാലിന്യസംസ്കരണ ത്തിനായുള്ളഭൂമികൾ | സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഓഡിറ്റ് വർഷം ചാർജ്ജ് സർച്ചാർജ്ജ് നടപടികളിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 328792046 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 314740893 |
| വരവിനങ്ങളിലുള്ള നഷ്ടം | : തിട്ടപ്പെടുത്തിയിട്ടില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ₹314518 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : ₹15381813 |

(ബി). നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 1-22 (3-2) | | 2500 | ഡോ.മുരളീധരൻ സി.വി, വെറ്റിനറി സർജൻ |
| 1-36 (3-1) | | 12018 | ശ്രീ. സുബൈർ കെ.പി, സെക്രട്ടറി |
| 1-42 (3-3) | | 300000 | ശ്രീ. കൃഷ്ണൻ എൻ.എസ്, പ്രോജക്ട് ഓഫീസർ |
| ആകെ | | ₹314518 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 1305600 | ശ്രീ.ശ്രീരാഗ്.എം.എസ്,സെക്രട്ടറി |
| 1-26 | 4895800 | ശ്രീ.സുബൈർ കെ.പി,സെക്രട്ടറി |
| 1-27 | 1123000 | ശ്രീ.സുബൈർ കെ.പി,സെക്രട്ടറി |
| 1-28 | 2000000 | ശ്രീ.ഗോവിന്ദൻ.പി,ഹെഡ് മാസ്റ്റർ |
| 1-29 | 12420 | ശ്രീ.സുബൈർ കെ.പി,സെക്രട്ടറി |
| 1-30 | 519214 | ശ്രീ.ഗോവിന്ദൻ.പി,ഹെഡ് മാസ്റ്റർ |

| | | |
|---|---|---|
| 1-31 | 50000 | ശ്രീ.ശ്രീരാഗ്.എം.എസ്,സെക്രട്ടറി |
| 1-32 | 200000 | ശ്രീ.ശ്രീരാഗ്.എം.എസ്,സെക്രട്ടറി |
| 1-33 | 677556 | ശ്രീ.സുബൈർ കെ.പി,സെക്രട്ടറി |
| 1-34 | 300000 | ശ്രീമതി.പങ്കജാക്ഷി.കെ,ഐസിഡിഎസ് സൂപ്പർവൈസർ |
| 1-35 | 248101 | ഡോ.രേഖ.കെ.ടി,മെഡിക്കൽ ഓഫീസർ(സിഎച്ച്സി) |
| 1-37 | 399888 | ഡോ.രേഖ.കെ.ടി,മെഡിക്കൽ ഓഫീസർ(സിഎച്ച്സി) |
| 1-38 | 50000 | ശ്രീ.പ്രകാശൻ.എ.കെ, ഹെൽത്ത് ഓഫീസർ |
| 1-41 | 57297 | ഡോ.രേഖ.കെ.ടി,മെഡിക്കൽ ഓഫീസർ(സിഎച്ച്സി) |
| 1-46 | 240000 | ശ്രീ.രാഹുൽ.ടി.ആർ,കൃഷി ഓഫീസർ |
| 1-47 | 118000 | ശ്രീ.രാഹുൽ.ടി.ആർ,കൃഷി ഓഫീസർ |
| 1-49 | 464937 | 302342--ശ്രീ.ശ്രീരാഗ്.എം.എസ്,സെക്രട്ടറി<br>162595--ശ്രീ.സുബൈർ കെ.പി,സെക്രട്ടറി |
| 1-50 | 2720000 | ശ്രീ.രാഹുൽ.ടി.ആർ,കൃഷി ഓഫീസർ |
| ആകെ | ₹15381813 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ശ്രീരാഗ്.എം.എസ്, സെക്രട്ടറി | സെക്രട്ടറി,ചെങ്ങന്നൂർ നഗരസഭ | ചോതി,മുല്ലാരംകോട്,മനമ്പൂർ(പി ഒ), തിരുവനന്തപുരം |
| ശ്രീ.സുബൈർ.കെ.പി, സെക്രട്ടറി | സെക്രട്ടറി,തളിപ്പറമ്പ നഗരസഭ | ദാരുന്നജത്ത്,അരിമ്പ്ര, ചെങ്ങളായി.പി.ഒ, കണ്ണൂർ670631 |
| ഡോ:രേഖ.കെ.ടി, സൂപ്രണ്ട് താലൂക്ക്ഹെഡ് ക്വാർട്ടേർസ് ഹോസ്പിറ്റൽ, തളിപ്പറമ്പ. | സൂപ്രണ്ട് താലൂക്ക് ഹെഡ് ക്വാർട്ടേർസ് ഹോസ്പിറ്റൽ, തളിപ്പറമ്പ. | ശ്രീലകം, കൊറ്റാളി റോഡ്, പൊടിക്കുണ്ട്, കണ്ണൂർ-670004 |
| ശ്രീ.രാഹുൽ.ടി.ആർ, കൃഷി ഓഫീസർ | കൃഷി ഭവൻ,ന്യൂ മാഹി പി.ഒ.പെരിങ്ങാടി | തോരമംഗലം,വള്ളുവാടി.പി.ഒ, സുൽത്താൻ ബത്തേരി, വയനാട് |
| ശ്രീ.ഗോവിന്ദൻ.പി,ഹെഡ് മാസ്റ്റർ | വിരമിച്ചു | അനുഗ്രഹ,മംഗള റോഡ്, തൃച്ചംബരം,തളിപ്പറമ്പ |
| ശ്രീമതി.പങ്കജാക്ഷി.കെ, ഐസിഡിഎസ് സൂപ്പർ വൈസർ | ഐസിഡിഎസ് സൂപ്പർ വൈസർ തളിപ്പറമ്പ, അഡീഷണൽ1 | കുറ്റൂർ,പി.ഒ.കുറ്റൂർ, എം.എം.ബസാർ,കണ്ണൂർ670306 |
| ശ്രീ.പ്രകാശൻ. എ.കെ, ഹെൽത്ത് ഓഫീസർ | ഹെൽത്ത് ഓഫീസർ നീലേശ്വരം നഗരസഭ | തമ്പാച്ചി വീട്, കാറമേൽ, അന്നൂർ.പി.ഒ, പയ്യന്നൂർ, കണ്ണൂർ |

| | | |
|---|---|---|
| ശ്രീ.കൃഷ്ണൻ.എൻ.എസ്, പ്രോജക്റ്റ് ഓഫീസർ | റജിസ്ട്രാർ ഓഫ് ബർത്ത്&ഡെത്ത് കാസർഗോഡ് നഗരസഭ | നീലമന ഇല്ലം,നെട്ടുവപ്പുറം, പി.ഒ.കരിവെള്ളൂർ, കണ്ണൂർ |
| ഡോ.മുരളീധരൻ.സി.വി, വെറ്റിനറി സർജൻ | സീനിയർ വെറ്റിനറി സർജൻ, വെറ്റിനറി പോളിക്ലിനിക്ക് തളിപ്പറമ്പ | ചെറുവത്തൂർ വടക്കിനിയിൽ, ആലക്കാട്, കാങ്കോൽ, പയ്യന്നൂർ 670307 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LF/KNR/B3/868/2012(1) 07/07/12 | 4 |
| 1997-98(Plan) | LF/KNR/B3/868/2012(2) 07/07/12 | 7 |
| 1997-98(Final) | LF/KNR/B3/411/2013(2) 15/04/13 | 5 |
| 1998-99(ചെലവ്) | LF/KNR/B3/868/2012(4) 07/07/12 | 15 |
| 1998-99(Final) | LF/KNR/B3/868/2012(5) 07/07/12 | 12 |
| 1999-00(ചെലവ്) | LF/KNR/B3/689/2013 30/09/13 | 14 |
| 1999-00(വരവ്) | LF/KNR/B3/689/2013 30/09/13 | 12 |
| 2000-01(ചെലവ്) | LF/KNR/B3/868/2012(9) 07/07/12 | 17 |
| 2000-01(Final) | LF/KNR/B3/895/2013 20/08/13 | 3 |
| 2001-02 (പദ്ധതിവിഹിതം) | LF/KNR/B3/868/2012(11) 07/07/12 | 11 |
| 2001-02 (Final) | LF/KNR/B3/868/2012(10) 07/07/12 | 3 |
| 2002-03(ചെലവ്) | LF/KNR/B3/868/2012(13) 07/07/12 | 34 |
| 2002-03(Final) | LF/KNR/B3/868/2012(12) 07/07/12 | 3 |
| 2003-04(Final) | LF/KNR/B3/868/2012(14), 07/07/12 | 13 |
| 2004-05 | LF/KNR/B3/1036/13 05/10/13 | 5 |
| 2005-06 | LF/KNR/B3/409/13 15/04/13 | 12 |
| 2006-07 | LF/KNR/B3/624/13 20/08/13 | 15 |
| 2007-08 | LF/KNR/B3/401/13 15/04/13 | 28 |
| 2008-09 | LF/KNR/B3/960/14 20/10/14 | 35 |
| 2009-10,2010-11 | LF/KNR/B3/928/13 30/09/14 | 34 |
| 2011-12,12-13 | LF/KNR/B3/359/2015 21.04.15 | 28 |
| 2013-14,14-15 | LF/KNR/B3/1440/2016 08.08.16 | 40 |
| 2015-16 | KSA/KNR/B2/152/17(1)dt.22.06.2018 (അനന്തരറിപ്പോർട്ട്) | 25 |
| 2016-17 | KSA/KNR/C13/1867/2017 (1) Dt. 18-07-2018 (അനന്തരറിപ്പോർട്ട്) | 29 |
| 2017-18 | KSA/KNR/C 18/132/2019 Dt. 17-09-2021 (അനന്തരറിപ്പോർട്ട്) | 27 |
| 2018-19 | KSA/KNR/C18/1695/2019,Dt.06-02-2021 (അനന്തരറിപ്പോർട്ട്) | 46 |
| 2019-20 | KSA/KNR/C15/44/2022dt. 23-05-2022 | 20 |
| 2020-21 | KSA/KNR/C15/45/2022(1) Dt.29.03.23 | 40 |
| 2021-22 | KSA/KNR/C15/526/2023(1) Dt.07-10-23 (അനന്തര റിപ്പോർട്ട്) | 42 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 21-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Thaliparamba Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thaliparamba Municipality for the year 2022-2023

**Date: 06/03/2024**

**Senior Deputy Director**
**District Office Kannur**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Thaliparamba Municipality for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1.Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

2.The accounting rules such as rule 58.4, rule 58.3 prescribed in the Municipality accounting rules 2007 are not followed

3.The mandatory financial statements prescribed in accounting rules are not submitted for audit

4.Notes on Account is not submitted for audit

5.Asset register is not updated

6.The following registers are not maintained

i) Deposit register

ii) Arrear demand register

iii) Appropriation control register

7.The following registers are not reliable for audit

i) Property Tax, Profession tax register
ii) License register
iii) Rent register

8.Details of the liability of Rs.699893 for stale cheques in Schedule B9 have not been made available for verification.

9.An amount of 5% proportionate to property tax arrears is not recorded as library cess.

10.The amount of expenditure under Development Fund - General , Development Fund SCP, CFC Award Maintenance Grant -non-Road category in the Annual Financial Statement do not match with the amount of expenditure in Sulekha Expenditure Statement.
11.The amount of opening balance under Central Financial Commission Grant (tied) does not match with the Register, maintained by the Municipality
12.The amount deducted at source for repayment of loan from Development Fund SCP for the year 2021-22 has not been reflected in the Annual Financial Statement for the year 2022-23
13.The details of fixed deposits does not match with the register and the Annual Financial Statement.
14.The grant for projects amount does not match the Annual Financial Statement.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## ധനകാര്യ പത്രികകൾ

### 1. RECEIPT & PAYMENT STATEMENT

**Thaliparamba Municipality RECEIPT & PAYMENT STATEMENT**
For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 41678596.00 |
| Cash | Cash | RP-40(a) | 1016713.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 12467343.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 1937.00 |
| 130000000 | Rental income from Panchayat Properties | RP-3 | 506330.00 |
| 140000000 | Fees & User Charges | RP-4 | 13401714.00 |
| 150000000 | Sale & Hire Charges | RP-5 | 1062463.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 89313606.00 |
| 170000000 | Income from Investments | RP-7 | 248251.00 |
| 171000000 | Interest Earned | RP-8 | 731112.00 |
| 180000000 | Other Income | RP-9 | 8700.00 |
| 420000000 | Investments | RP-34 | 28459251.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 127310205.00 |
| | **Non Operating** | | |
| 311000000 | Earmarked Funds | RP-22 | 153084.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 45647080.00 |
| 340000000 | Deposits Received | RP-27 | 3488185.00 |
| 350000000 | Other Liabilities | RP-29 | 5886785.00 |
| 410000000 | Fixed Assets | RP-31 | 0.0 |
| 460000000 | Loans, Advances and Deposits | RP-41 | 106000.00 |
| | **Grand total** | | **371487355.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-10 | 11810035.00 |
| 220000000 | Administrative Expenses | RP-11 | 2121614.00 |
| 230000000 | Operations & Maintenance | RP-12 | 29814532.00 |
| 240000000 | Interest & Finance Charges | RP-13 | 6738.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 41288179.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 1405600.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 16450613.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 21088174.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-47 | 3052643.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 700000.00 |
| 350000000 | Other Liabilities | RP-29 | 21365177.00 |
| 420000000 | Investments | RP-34 | 1500000.00 |
| 430000000 | Stock-in-hand | RP-36 | 268756.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-37 | 77120451.00 |
| | **Non Operating** | | |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-19 | -200034.00 |
| 311000000 | Earmarked Funds | RP-22 | 5994694.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 10195.00 |
| 340000000 | Deposits Received | RP-27 | 5447455.00 |
| 350000000 | Other Liabilities | RP-29 | 48311812.00 |
| 410000000 | Fixed Assets | RP-31 | 18380068.00 |
| 412000000 | Capital work in Progress | RP-33 | 2906851.00 |
| 460000000 | Loans, Advances and Deposits | RP-41 | 5897340.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 56746462.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **371487355.00** |

**2. INCOME & EXPENDITURE STATEMENT**

| **Thaliparamba Municipality INCOME & EXPENDITURE STATEMENT**<br>For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 45230633.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 2417.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 8250870.00 |
| 140000000 | Fee & User Charges | I-4(b) | 16015311.00 |

| | | | |
|---|---|---|---|
| 150000000 | Sale & Hire Charges | I-5(b) | 1082749.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 187839977.00 |
| 170000000 | Income from Investments | I-7 | 10062275.00 |
| 171000000 | Interest Earned | I-8 | 731112.00 |
| 180000000 | Other Income | I-9 | 160941.00 |
| | **Total Income** | | **269376285.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 48424538.00 |
| 220000000 | Administrative Expenses | I-11(b) | 6249351.00 |
| 230000000 | Operations & Maintenance | I-12(b) | 36267772.00 |
| 240000000 | Interest & Finance Charges | I-13 | 6738.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 101865365.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 13996213.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 21088174.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 2577543.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 700000.00 |
| 272000000 | Depreciation | I-17(a) | 267312.00 |
| | **Total Expenditure** | | **231443006.00** |
| | **Gross Surplus / Deficit of income over Expenditure** | | **37933279.00** |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | 59278438.00 |
| | **Net difference (Prior period Income - Prior period Expenditure)** | | **-21345159.00** |

| | | | |
|---|---|---|---|
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

**3. BALANCE SHEET**

| Thaliparamba Municipality BALANCE SHEET<br>As on 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 302035692.29 |
| 311000000 | Earmarked Funds - Special Funds/ Sinking Fund/Trust or Agency Fund | B-2 | -14937405.00 |
| 312000000 | Reserves | B-3 | 250846229.00 |
| | **Total Reserve & Surplus** | | **537944516.29** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 101798161.00 |
| | **Total Grants, Contributions for Specific Purposes** | | **101798161.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 16426666.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **16426666.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 37979090.00 |
| 350000000 | Other Liabilities | B-9 | 15834823.71 |
| | **Total Current Liabilities and Provisions** | | **53813913.71** |
| | **TOTAL LIABILITIES** | | **709983257.00** |
| | **ASSETS** | | |
| | **Fixed Assets** | | |

| | | | |
|---|---|---|---|
| 410000000 | Fixed Assets | B-11 | 422203614.00 |
| 411000000 | Accumulated Depreciation | B-11 | -45281333.00 |
| 412000000 | Capital Work in Progress | B-11 | 9947293.00 |
| | **Total Fixed Assets** | | **386869574.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 109030561.00 |
| | **Total Investments** | | **109030561.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 1367567.00 |
| 431000000 | Sundry Debtors (Receivables) | B-15 | 137551747.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-21 | -3721470.00 |
| 450000000 | Cash and Bank Balance | B-17 | 56746462.00 |
| 460000000 | Loans, Advances and Deposits | B-18 | 5712150.00 |
| | **Total Current Assets, Loans and Advances** | | **197656456.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 16426666.00 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **16426666.00** |
| | **TOTAL ASSETS** | | **709983257.00** |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ